*To beat this worldwide pandemic, the world has to, must come together*. - Shah Rukh Khan

*For this generation, the world is going to be irrevocably altered. How and in what way will be spoken about in the next decade*. - Vani Kola, Kalaari Capital

# കൊറോണക്കാലം : തിരിച്ചറിവിന്റെ കാലം

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി**

**പി.ഒ.സി, പാലാരിവട്ടം**

അൾജീരിയൻ നഗരമായ ഒറാനിൽ 1940–കളിൽ പടർന്നുപിടിച്ച പ്ലേഗ് എന്ന മാരകരോഗത്തെ ആസ്പദമാക്കി പ്രശസ്ത ഫ്രഞ്ച് എഴുത്തുകാരൻ ആൽബേർ കമ്യൂ രചിച്ച നോവലാണ് 'ദ പ്ലേഗ്'. ഈ നോവൽ അവസാനിക്കുന്നത് ഇപ്രകാരമാണ്. "പ്ലേഗിന്റെ രോഗാണു ഒരിക്കലും പൂർണ്ണമായി ചത്തൊടുങ്ങുകയോ നിശ്ശേഷം ഇല്ലാതാവുകയോ ചെയ്യുന്നില്ല. വർഷങ്ങളോളം അത് ഉറങ്ങിക്കിടക്കും. എന്നിട്ടൊരു ദിവസം മനുഷ്യനെ നശിപ്പിക്കുവാനും അവനെ ബോധവത്കരിക്കാനും അതിന്റെ എലികളെ അത് അഴിച്ചുവിടും – സന്തോഷം നിറഞ്ഞ പട്ടണത്തിൽപോയി ചാവാൻ."

ലോകം മുഴുവൻ ഇന്ന് കോവിഡ്–19 എന്ന പകർച്ച വ്യാധിയുടെ ഭീഷണിയിൽ അകപ്പെട്ടിരിക്കുന്നു. അത് ലോകം കീഴടക്കി ജനജീവിതം നിശ്ചലമാക്കിയിരിക്കുന്നു. ലക്ഷങ്ങളുടെ ജീവൻ കവർന്ന് അതിന്റെ മൃത്യുഘോഷയാത്ര തുടരുകയാണ്. മാസ്ക് ധരിച്ച്, സാമൂഹ്യഅകലം പാലിച്ച്, സർവ്വതും കൊട്ടിയടച്ച് ലോകം ജയിലിനു സമാനമായി ജീവിക്കുന്നു. ഈ അവസ്ഥ എന്നവസാനിക്കുമെന്നോ എങ്ങനെ അവസാനിക്കുമെന്നോ ഇന്നും ആർക്കും അറിയില്ല.

ചൈനയിലെ വുഹാനിൽ കൊറോണ പടരുന്നതായി ലോകാരോഗ്യസംഘടനയെ ചൈന അറിയിച്ചത് 2019 ഡിസംബർ 31–ാം തീയതിയാണ്. ജനുവരിയിൽ തന്നെ മറ്റു പല രാജ്യങ്ങളിലേക്കും രോഗവ്യാപനം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനുവരി 30–ന് ലോകാരോഗ്യസംഘടന കോവിഡ്–19 വ്യാപനത്തെ ആഗോള അടിയന്തരാവസ്ഥയായും മാർച്ച് 11–ന് ആഗോളമഹാമാരിയായും പ്രഖ്യാപിച്ചു. ഇന്ത്യയിൽ ആദ്യമായി കോവിഡ്–19 സ്ഥിരീകരിച്ച സംസ്ഥാനം കേരളം ആണെങ്കിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കോവിഡിനെ നിയന്ത്രിക്കുന്നതിൽ കേരളം ഒരു പരിധിവരെ ലോകത്തിനു തന്നെ മാതൃകയായി. എന്നാൽ ഇന്ന് അതിന്റെ വ്യാപനം കേരളത്തിലും കൂടി വരുകയാണ്.

കൊറോണ വൈറസ് ലോകത്തിന്റെ മുഴുവൻ ജാതകം മാറ്റിയെഴുതുന്നു. കോവിഡ്-19 മനുഷ്യവർഗ്ഗത്തിന് തന്നെ ഒരു ഭീഷണി ആയിരിക്കുകയാണ്. കോവിഡിനു മുമ്പും പിമ്പും എന്ന രീതിയിൽ ലോക ചരിത്രം രചിക്കപ്പെടുമോ എന്നു കാണേണ്ടിയിരിക്കുന്നു. കൊറോണ വൈറസ് എന്ന പകർച്ചവ്യാധിയും ആഗോളവത്ക്കരിക്കപ്പെട്ടിരിക്കുന്നു. അതിനോടു പൊരുതിയും പൊരുത്തപ്പെട്ടും അതിനെ അതിജീവിച്ചും നാം പഠിച്ചുവരുകയാണ്. ആരെയും ഏതു പ്രസ്ഥാനത്തെയും പൂട്ടിയിടുവാൻ ശക്തമായ ഈ വൈറസ് ഒരു സഹയാത്രികനായി കൂടെയുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഈ അടച്ചുപൂട്ടൽ ബാധിച്ചിരിക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ജീവിതം, കുടിയേറ്റം, കുടുംബജീവിതം തുടങ്ങി എല്ലാ മേഖലകളെയും അതു സ്പർശിക്കുന്നു. കോവഡ് ഏല്പിച്ചിട്ടുള്ള സാമ്പത്തിക ആഘാതം വലുതാണ്. ആദ്ധ്യാത്മിക സാംസ്കാരിക രംഗങ്ങളിലും കോവിഡ് വലിയ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. മനുഷ്യൻ ശീലിക്കേണ്ട ഒട്ടേറെ കാര്യങ്ങൾ അത് നമ്മെ പഠിപ്പിക്കുന്നു.

ആൾക്കൂട്ടവും അമിതമായ ആഘോഷങ്ങളും ആർപ്പുവിളികളുമില്ലാതെ ധൂർത്തും ആർഭാടങ്ങളുമില്ലാതെ എങ്ങനെ ജീവിക്കാമെന്നും ഈ ലോക്ഡൗൺ കാലം നമ്മെ പഠിപ്പിക്കുന്നു.

കോവിഡ്-19 കാലം നമുക്ക് എല്ലാംകൊണ്ടും ഒരു തിരിച്ചറിവിന്റെയും തിരിച്ചുവരവിന്റെയും കാലമായിരിക്കണം. ലോകം മാറുകയാണ്. നമ്മുടെ ശീലങ്ങളും ചിന്താരീതികളും മാറുകയാണ്. ഈ പ്രതികൂല സാഹചര്യത്തിൽ ദൈവം എല്ലായിടത്തും മനുഷ്യന്റെ മുമ്പിൽ ശുശ്രൂഷിക്കാനുള്ള കരങ്ങൾ നീട്ടിനില്ക്കുന്നതാണ് നാം കണ്ടത്. മനുഷ്യനിലെ നന്മ വറ്റിയിട്ടില്ലെന്നു കോവിഡ് കാലം തെളിയിക്കുന്നു.

സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യമേഖലയും പോലീസുസംവിധാനങ്ങളും ഉദ്യോഗസ്ഥരും സന്നദ്ധ സംഘടനകളും ഉണർന്നു പ്രവർത്തിക്കുയും കരുതലിന്റെ അടയാളമായി മാറുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽ സാമൂഹിക മാധ്യമ സംവിധാനങ്ങളും പുതിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ചുള്ള ആശയവിനിമയങ്ങൾ കൂടുതൽ സജീവമായിരിക്കുന്നു. സ്വന്തം ആരോഗ്യത്തെക്കുറിച്ചും അപരന്റെ ആരോഗ്യത്തെക്കുറിച്ചും കരുതലുള്ളവരായി

ക്കൊണ്ട് സഹോദരൻ സഹോദരന്റെ കാവല്ക്കാരനാകുന്ന കാലം! അതാണു കൊറോണക്കാലം! ഈ കാലഘട്ടത്തിൽ ശാരീരികാദ്ധ്വാന ത്തിന്റെയും കൃഷിയുടെയും ആത്മീയത നാം കുറെ വീണ്ടെടുത്തു. പ്രകൃതി അല്പം കൂടി പ്രകാശമാനമായി. പ്രകൃതിയോട് ചേർന്നും ലളിതമായും ജീവിക്കാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു. എങ്കിലും മനുഷ്യ പ്രയത്നത്തിന്റെ എല്ലാ മേഖലകളും സജീവമാകേണ്ടി യിരിക്കുന്നു.

ഓരോ വിശ്വാസിയെയും അവരവർ ആയിരിക്കുന്ന ഇടങ്ങളിലും അവസ്ഥയിലും അനുധാവനം ചെയ്യുന്ന അജപാലന ശൈലി അനിവാര്യമാണ്. ഈ കോവിഡുകാലത്ത് കുടുംബ ജീവിതത്തിന്റെ സന്തോഷവും നന്മയും കൂടുതലായി പങ്കു വയ്ക്കപ്പെടുന്നു. ഭവനങ്ങൾ ദൈവാലയങ്ങളായി. ദരിദ്രരെ പ്രത്യേകം കരുതുകയും ദാരിദ്ര്യത്തിന്റെ അരൂപി സ്വയം ഉൾക്കൊള്ളുകയും ചെയ്യുന്ന സഭ ഉണർന്നു പ്രവർത്തിക്കേണ്ടി യിരിക്കുന്നു. സഭ അതിന്റെ മിഷനറി സ്വഭാവവും തനിമയും വീണ്ടെടുക്കുന്ന സമയവും സന്ദർഭവും ആയിരിക്കണം ഈ കോവിഡ് കാലം. ലോകത്തിന് പ്രത്യാശയുടെ വെളിച്ചം പകരാൻ കോവിഡ് കാലത്തു സഭയ്ക്കു കഴിയണം. ◆

## CORONA QUOTES

*Not only have the deck of cards we were playing with shuffled, but we have dealt with a completely new deck*.

- Sanil Sachar, Trusox

*Things that once took months, are now being carried out in a matter of days.* - TN Hari, Big Basket

*It is very challenging. But also an amazing opportunity to unlearn, relearn, and test our capabilities and value systems.*

- Sudeep Ralhan, Walmart Labs

*These are unprecedented times that require unprecedented efforts.* - Niraj Ranjan, Hiver

# കൊറോണാനന്തര സഭയിലെ ആത്മീയ പരിവേഷം

ഫാ. ബൈജു കണ്ണംപിള്ളി സി.എസ്.റ്റി.

കോവിഡ് 19 മനുഷ്യജീവിതത്തെ ആകെ തകിടം മറച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ സന്യാസ ജീവിതത്തിൽ നാം അനുവർത്തിക്കേണ്ട ആത്മീയ പരിവേഷങ്ങളെ പുനർവിചിന്തനം ചെയ്യേണ്ടത് അനിവാര്യമാണ്. പരിപാലിക്കുന്ന, സ്നേഹിക്കുന്ന ദൈവം എവിടെ എന്നും, രോഗശാന്തി വരംലഭിച്ചവർ എവിടെപ്പോയി ഒളിച്ചുവെന്നും, പള്ളികളും, ആരാധനാലയങ്ങളും അടച്ചിട്ടും ഇവിടെ ഒരു പ്രശ്നവും ഇല്ലല്ലോ എന്നും ചിന്തിക്കുന്നവരും ഏറെ! ഈ കാലഘട്ടത്തിൽ ഇപ്രകാരമുള്ള ചോദ്യശരങ്ങളെ പ്രതിരോധിക്കേണ്ടത് ജീവിതമാതൃക വഴിയും ക്രിസ്തീയ മൂല്യങ്ങളുടെ അനുവർത്തനം വഴിയും മാത്രമാണ്.

**ജീവിതമാതൃക സുവിശേഷമാകണം:**

ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ഒരു പുനരവതരണം സാധ്യമാകുന്ന ജീവിതശൈലി ഉൾകൊള്ളുവാൻ ഇന്ന് സഭാതനയർ നിർബന്ധിതരായിരിക്കുന്നു. ‘‘വിശ്വസിച്ചവർ എല്ലാവരും ഒറ്റസമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും.... ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചു കൂടുകയും.... ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും.... എല്ലാ മനുഷ്യരുടേയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു’’ (അപ്പ. 2: 44-47).

പങ്കുവെയ്ക്കാനും സ്നേഹിയ്ക്കാനും സ്നേഹിതർക്കു വേണ്ടി ജീവനർപ്പിക്കാനും തയ്യാറാകുന്ന ഒരു സമൂഹത്തെ കണ്ടാണ് ക്രിസ്തീയ വിശ്വാസം പൊലിമയുള്ളതായി മറ്റുള്ളവർക്ക് അനുഭവപ്പെട്ടത്. നമ്മുടെ വിശ്വാസജീവിതം വെല്ലുവിളികൾ നേരിടുമ്പോൾ ജീവിതശൈലികൾ ക്രിസ്തു മനോഭാവങ്ങളിൽ വേരൂന്നേണ്ടതുണ്ട്. അവിടുത്തെ അനുയായികൾ ഉൾകൊള്ളേണ്ട മനോഭാവങ്ങൾ (മത്ത. 23:23) നീതി, കാരുണ്യം, വിശ്വസ്തത - വ്യക്തി, കുടുംബ, സമൂഹ ജീവിതങ്ങളിൽ, സാമൂഹ്യ രാഷ്ട്രീയ

ഇടപെടലുകളിൽ, സാമ്പത്തിക ഇടപാടുകളിൽ, സാംസ്കാരിക സമീപനങ്ങളിൽ മുഖമുദ്രകളാക്കണം എന്നതാണ്.

**സേവനം ഏക കല്പനയുടെ മാതൃകയും, മാനദണ്ഡവും**

'നീയും പോയി അതുപോലെ ചെയ്യുക' (ലൂക്ക. 10:37) "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് ഇത് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" (മത്താ. 25:40) ക്രിസ്തീയതയുടെ ഉരകല്ല് നിസ്വാർത്ഥ സ്നേഹത്തിന്റെ പാണിതീർക്കുന്ന ഈ സംസ്കാരമാണ്. നമ്മൾ ചെയ്യുന്ന എല്ലാറ്റിലും സേവനത്തിന്റെ, ത്യാഗത്തിന്റെ പാവപ്പെട്ടവരോടുള്ള അനുഗമനത്തിന്റെ തെളിവുകൾ കാണിക്കാനാവണം.

ദൈവത്തിന്റെ ഏക കല്പന പരസ്നേഹത്തിന്റേതാണ് (യോഹ. 13:31) ആ കല്പനയ്ക്ക് അവിടുന്നു ഒരു മാതൃകയും മാനദണ്ഡവും നിശ്ചയിക്കുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം". യേശുവിന്റെ സ്നേഹം ആത്മാർപ്പണത്തിലാണല്ലോ അതിര് കണ്ടെത്തുന്നത്. സ്നേഹത്തിന്റെ പേരിൽ അതിനപ്പുറം ഒന്നും ചെയ്യാൻ ആർക്കുമാവില്ല (എഫേ. 5:2). അതാണ് പരസ്നേഹത്തിന്റെ മാതൃക. യേശു നമ്മെ കാണാനാഗ്രഹിക്കുന്നത് സ്നേഹിതരായിട്ടാണ്. ദാസന്മാരായല്ല. അവിടുന്നു പറയുന്നു: എന്റെ കല്പന നിറവേറ്റുന്ന സ്നേഹിതന്മാർ (യോഹ. 15:10-14) പരസ്പരം ഇഷ്ടം വിവേചിച്ച് അനുവർത്തിക്കുന്നത് സ്നേഹത്തിന്റെ ശീലമാണല്ലോ - മാനദണ്ഡം. യജമാനന്മാർ ദാസരുമായി ഹൃദയരഹസ്യങ്ങൾ കൈമാറുകയില്ല. യേശുവാകട്ടെ, പിതാവിൽ നിന്ന് കേട്ടതെല്ലാം ശിഷ്യരുമായി പങ്കുവച്ചു. ദൈവത്തിന്റെ ദാസനാകുന്നത് മോശമല്ല. (മോശ (നിയ. 34:5), ജോഷ്വ (24:29), ദാവീദ് (സങ്കീ. 89:20) ഞാൻ ദാസന്മാരുടെ ദാസനാകുന്നു എന്നാണ് ഫ്രാൻസീസ് പാപ്പ പറയുക.

**ആരാധനാ ജീവിതം**

കൊറോണ വൈറസ് താറുമാറാക്കിയ ആരാധനാജീവിതം എവിടേയും ചർച്ചാവിഷയമാണ്. പുറത്തിന്റെ വെടിപ്പും, വാക്കിന്റെ എടുപ്പും അരങ്ങു തകർക്കുന്ന ആരാധനയും വിശുദ്ധിയുടെ ലക്ഷണങ്ങളായി വ്യാഖ്യാനിക്കപ്പെടുന്ന കാലഘട്ടമാണിത്. 'ആത്മാവിലും സത്യത്തിലും' ഉള്ള ആരാധനയുടെ അവസ്ഥ കൊറോണ വഴി സംജാതമായിരിക്കുന്നു. ആരാധന ആചാരമായി

തരംതാഴരുത്. ആരാധന ഉള്ളിന്റെ ഉയർത്തൽ ആണ്. ദൈവത്തിന്റെ മുമ്പിൽ ഉള്ള് തുറക്കുന്ന നിമിഷമാണ് ആരാധന. ചുരുക്കത്തിൽ ജീവിതം കൊണ്ട് വചനത്തിന് മറ പിടിക്കാത്ത രീതി. നമ്മുടെ സമൂഹത്തിൽ ഇന്ന് മതാത്മകതയ്ക്കാണ് പ്രചുരപ്രചാരം. വലിയ ദേവാലയങ്ങൾ, ആഘോഷമായ ആരാധനാനുഷ്ഠാനങ്ങൾ, പ്രകടനാത്മകമായ തിരുനാളുകൾ, ഒച്ചവയ്ക്കുന്ന പ്രാർത്ഥനാ യോഗങ്ങൾ, ശബ്ദമുഖരിതമായ മതപ്രഭാഷണങ്ങൾ, വഴി മുടക്കുന്ന പ്രദിക്ഷണങ്ങൾ ഇവയെല്ലാം ആത്മീയവികാസത്തിന് ഉതകുന്നുവോ എന്നതിലുപരി മത സമുദായത്തിന്റെ കരുത്ത് തെളിയിക്കുന്ന പ്രകടനാത്മകതയുടെ മാനങ്ങളായി അധ:പതിക്കുന്നു. ഏതായാലും ഒന്നു വ്യക്തമാണ്-പ്രകടനാത്മകമായ മതാത്മകതയിൽ നിന്നു ലാളിത്യപൂർണമായ, അനുഭൂതിബദ്ധമായ, ആത്മീയതയിലേക്ക് നീങ്ങാനുള്ള ദൈവാത്മാവിന്റെ ഉൾവിളി ഇത്തരുണത്തിൽ നാം ശ്രദ്ധിക്കണം. യേശുവിന്റെ ജീവിത ശൈലിയിലേയ്ക്കും സുവിശേഷാത്മകമായ ജീവിതാനുഷ്ഠാനത്തിലേക്കും തിരികെപ്പോകാനുള്ള ദൈവികപ്രചോദനമാണ് ഈ കാലഘട്ടം വിളിച്ചോതുന്നത്. വിജാതീയ ഭരണകർത്താക്കളുടെ അധികാരകൊതിയിൽ നിന്നും, ഫരിസേയരുടെ സങ്കുചിത മനോഭാവത്തിൽ നിന്നും വിട്ടുമാറി, പരസ്പരം പാദങ്ങൾ കഴുകുന്ന ജീവിതശൈലി പിൻതുടരുവാൻ യേശുനാഥൻ ആഹ്വാനം ചെയ്യുന്നു.

**നിശബ്ദതയുടെ പ്രാർത്ഥനാ സംസ്കാരം**

മൂന്നു പതിറ്റാണ്ടായി നമ്മുടെ പ്രാർത്ഥനാസംസ്കാരത്തിന്റെ മുഖമുദ്ര ഒച്ചയാണ്. വി. കൊച്ചുത്രേസ്യ പ്രാർത്ഥനാ സംസ്കാരത്തെ കുറിച്ചു പറഞ്ഞതിപ്രകാരമാണ്. “ദൈവത്തെകുറിച്ച് സംസാരിക്കുന്നതിനേക്കാൾ ദൈവത്തോട് സംസാരിക്കാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെട്ടത്’’. വാചിക പ്രാർത്ഥനകളുടെ അതിപ്രസരം നിമിത്തം ധ്യാനാത്മകമായ നിശബ്ദതയിൽ സംജാതമാകുന്ന സാന്നിദ്ധ്യാനുഭവം നമുക്ക് അജ്ഞാതമായി. ആന്തരീക നിശ്ശബ്ദതയിൽ തന്നിലെ പിതാവുമായുള്ള ആത്മൈക്യമാണ് യേശുവിന്റെ പ്രാർത്ഥനാനുഭൂതിയിൽ നിറഞ്ഞു നിന്നത്. “എന്നെ അയച്ച പിതാവ് എന്നിലുണ്ട്. ഞാൻ പിതാവിൽ നിന്നും ജീവനുൾകൊള്ളുന്നു.... പിതാവും ഞാനും ഒന്നാണ് (യോഹ. 8:28, 6:57, 10:30) ഇതായിരുന്നു യേശുവിന്റെ പ്രാർത്ഥനാനുഭവം. ഈ ആത്മാനുഭവം യേശുവിനായത് ധ്യാനാത്മകമായ നിശ്ശബ്ദതയിലായിരുന്നു. സ്വജീവിതത്തിൽ ദൈവഹിതം

കണ്ടെത്തുകയെന്നതാണ് പ്രാർത്ഥനയുടെ അർത്ഥം. ഓരോ നിമിഷത്തിലും ദൈവാത്മാവിന്റെ ചലനങ്ങൾ വിവേചിച്ചറിയുന്ന താണ് പ്രാർത്ഥന. അതുകൊണ്ടാണ് "ആത്മാവിലും സത്യത്തിലും" പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടത്. സത്യം എന്ന പദത്തിനർത്ഥം തുറവി എന്നാണ് (യോഹ. 4:24). തനക്കകത്തും പുറത്തും സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്കു നേരെയുള്ള തുറവി – അതാണ് പ്രാർത്ഥനയുടെ ഹൃദയസ്പന്ദനം. ഈ തുറവിയുണ്ടാകുന്നത് ധ്യാനാത്മകമായ നിശ്ശബ്ദതയിലാണ്. ഈ കാലഘട്ടം അതിന് നമ്മെ പ്രത്യേകം മാടി വിളിക്കുന്നു.

"കണ്ണെത്താത്ത ദൂരമുണ്ട് കരയടുക്കുവാൻ
കൈ കുഴഞ്ഞു പോകുമല്ലോ തുഴയുവാൻ
കൂട്ടുകാരാരുമില്ല കൂടെ തുഴയുവാൻ
കൂട്ടുകാരൻ ആത്മനാഥൻ കൂടെയുണ്ടല്ലോ"

**രവീന്ദ്രനാഥ ടാഗോർ** ◆

## *CORONA QUOTES*

*The pandemic has pushed us into maintaining social distancing, but the challenge is also to remain hyper-connected via the internet and isolate COVID-19.*
- Osama Manzar, DEF

*Nobody has ever been prepared for a disruption of this scale*.
- Sujeet Kumar, Udaan

*If you have never failed, you have never been tested, and then you haven't seen your best yet. A setback is only an opportunity for you to come back stronger*.
- Deep Malhotra, Beck Friends

# മാനവരാശിക്ക് ഗൃഹപ്രവേശനത്തിനുള്ള മുഹൂർത്തമാണ്

**ഫാ. അഗസ്റ്റിൻ പാംപ്ലാനി CST**

അന്ധകാരയുഗത്തിന്റെ നിശാവേളകളിലാണ് വസന്തത്തിന്റെ വിത്തുകൾ പാകപ്പെടുന്നത് എന്ന് പറയാറുണ്ട്. ലോക ചരിത്രത്തിലും മാനവചരിത്രത്തിലും കാത്തിരിപ്പിന്റെയും ഏകാന്തതയുടെയും മൗനത്തിന്റെയും ഒക്കെ കാലയളവ് ദീർഘമാണെങ്കിലും അത് വെറുതെ പാഴാകാറില്ല. ഏറ്റവും ഉജ്ജ്വലമായതിനെ പുറത്തുകൊണ്ടുവരാറാണ് പതിവ്. ആയിരം കോടി വർഷങ്ങളുടെ സുദീർഘ മൗനത്തിനുശേഷമാണ് പ്രപഞ്ചം ജീവന്റെ ആദ്യത്തെ ഓംകാരം ഉരുവിടുന്നത്. പിന്നെയുമെടുത്തു ഒരു നാനൂറ് കോടി കൂടി, ആദ്യത്തെ പൈതലിന്റെ കരച്ചിലിനു വേണ്ടി! 'ഉദരപ്രസ്ഥത്തിനും' വാനസപ്രസ്ഥത്തിനും ഇടയിലെ ഒരു ഹ്രസ്വകാലയളവ് മാത്രമാണ് ഒച്ചയുണ്ടാക്കാനുള്ള ജീവിത രാശിയെന്നാണല്ലോ വേദകാലം മുതലുള്ള ഉൾക്കാഴ്ച.

ഒരു തച്ചന്റെ പുത്രന്റെ മുപ്പത് വർഷത്തെ നസ്രത്തിലെ ലോക്ക് ഡൗൺ. ചരിത്രത്തിന്റെ ഭാഗധേയം മുഴുവനും പുനർ നിർണ്ണയിക്കാൻ പോന്നതായിരുന്നു അത്. ബോധിസത്വന്റെ അടഞ്ഞ കണ്ണുകൾ വിപരീതവഴിയിലൂടെയുള്ള ഒരേ സന്ദേശമാണ്; ആരവങ്ങളിൽ നിന്നും മൗനത്തിലേക്കും സൈന്യബലത്തിൽ നിന്നും ഏകാംഗസൈന്യത്തിന്റെ ആത്മബലത്തിലേക്കുമുള്ള മടക്കം. ഉദാത്തമായ കാഴ്ചകൾക്കുവേണ്ടി വല്ലപ്പോഴും കണ്ണുകൾ അടച്ചുപിടിക്കണം. ഇരുട്ടുകൊണ്ടു കണ്ണുകഴുകുക എന്നൊക്കെ കാവ്യഭാഷ.

ചരിത്രത്തിൽ സ്ഥായിയായിട്ടുള്ള വചനങ്ങളുടെയൊക്കെ പിതൃത്വം മൗനത്തിന്റെ വാല്മികങ്ങൾക്ക് അവകാശപ്പെട്ടതാണ്. തടവറകളുടെ ഇരുളും ശൂന്യതയുമൊക്കെയാണ് മഹാത്മാക്കളുടെ കത്തുകളിലെയും കൃതികളിലെയും സനാതന വചനങ്ങളുടെ വെളിച്ചവും ജീവനും. ഏദനിലെ ആദിമനുഷ്യന്റെ ഏകാന്തതയിൽ നിന്നും സമൂഹമുണ്ടായെങ്കിൽ ആൾക്കൂട്ടത്തിന്റെ കടന്നുകയറ്റ ത്തിൽനിന്നും മനുഷ്യനെ രക്ഷിക്കാനുള്ള പ്രകൃതിയുടെ വഴിയായിരുന്നിരിക്കണം സാമൂഹിക അകലം സൃഷ്ടിക്കൽ. മനുഷ്യന് ഇനി തുണ വേണ്ട എന്ന രീതിയിൽ ദൈവം തീരുമാനം

മാറ്റിയതുപോലെ. ആധുനികതയെക്കാളുമൊക്കെ ഒത്തിരി ആധുനികമായിരുന്നിരിക്കണം ആദിയുടെ പഴമ.

പാഴായിപ്പോകുന്നവയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള മിസ്റ്റിക്കൽ ദൈവശാസ്ത്രമാണ് ടാഗോർ ആവിഷ്കരിക്കുന്നത്. "നഷ്ടപ്പെട്ട നാഴികകളെയോർത്തു ഒട്ടേറെ ദിനങ്ങളിൽ ഞാൻ ദുഖിതനായിരുന്നെങ്കിലും ദൈവമേ അവയൊന്നും നഷ്ടപ്പെട്ടവ യായിരുന്നില്ല. എന്റെ ജീവിതത്തിന്റെ ഓരോ നിമിഷങ്ങളെയും അങ്ങ് തൃക്കരങ്ങളിൽ സംവഹിച്ചിരുന്നു. ചരാചരങ്ങളുടെയൊക്കെ ഹൃദയത്തിൽ ഒളിച്ചിരുന്ന് അങ്ങ് വിത്തുകളെ മുളകളായും മുളകളെ പുഷ്പങ്ങളായും പുഷ്പങ്ങളെ ഫലങ്ങളായും രൂപപ്പെടുത്തുന്നു."

കോവിഡിനോടനുബന്ധിച്ചുള്ള ആഗോള ലോക്ക് ഡൗണിനെപ്പറ്റി യാതൊരു ദീർഘദർശനവുമില്ലാതെ തന്നെ റഷ്യൻ കഥാകൃത്തായ ആന്റൺ ചെക്കോവ് പന്തയം (The Bet) എന്ന ചെറുകഥയിലൂടെ ലോക്ക്ഡൗണിൽ സംഭവിക്കേണ്ട മനുഷ്യാ വസ്ഥയുടെ ഉൽകൃഷ്ടമൂല്യങ്ങളിലേക്കുള്ള മടക്കയാത്രയെ അതിസുന്ദരമായി വരച്ചുകാട്ടിയിരുന്നു. സ്വയം ഏറ്റെടുത്തതും പതിനഞ്ച് വത്സരങ്ങൾ നീണ്ടതുമായ തടവറവാസത്തിലൂടെ കടന്നുപോകുകയാണ് കഥാനായകനായ യുവ അഭിഭാഷകൻ. ധനവാനായ ആതിഥേയന്റെ ഭവനത്തിലെ അത്താഴവിരുന്നിന് അഭിഭാഷകനും ക്ഷണിക്കപ്പെട്ടു. പതിവുപോലെ ഒരു തർക്കം. ജീവപര്യന്തമാണോ വധശിക്ഷയാണോ കൂടുതൽ മെച്ചം? വധശിക്ഷയിൽ പെട്ടെന്ന് മരിക്കാമെന്നും ജീവപര്യന്തം ഇഞ്ചിഞ്ചായി കൊല്ലുകയാണെന്നും ആതിഥേയൻ. അല്ല, ജീവപര്യന്തമാണ് മെച്ചമെന്ന് വിരുന്നുകാരനായ യുവാവ്. ആർക്കുപറ്റും പതിനഞ്ച് വർഷം ജയിലിൽ കിടക്കാനെന്ന് ആതിഥേയൻ. കാണിച്ചു തരാമെന്ന് അഭിഭാഷകൻ.

പന്തയത്തിന്റെ വ്യവസ്ഥകൾ തീരുമാനമായി. വീട്ടുപടിയെ ലക്ഷ്മണരേഖയാക്കിയ മോദിജിയുടെ അടച്ചുപൂട്ടലിനെക്കാളും ഭീകരം. പതിനഞ്ച് വത്സരങ്ങൾ ധനവാന്റെ പൂന്തോട്ടത്തിലെ ലോഡ്ജിൽ യുവാവ് താമസിക്കണം. കിളിവാതിലിലൂടെ മാത്രം പുറം ലോകം കാണാം. ഭക്ഷണം കൊണ്ടുവരുന്ന ആളോട് മാത്രം സമ്പർക്കം. അങ്ങിനെ പതിനഞ്ച് വത്സരങ്ങൾ പൂർത്തിയാക്കുന്ന ദിവസം യുവാവിന് ധനവാൻ രണ്ട് ദശലക്ഷം റൂബിൾ നൽകുന്നതായിരിക്കും.

സംഗീതവും വായനയും ഉറക്കവുമായി യുവാവിന്റെ ആദ്യ വർഷങ്ങൾ കടന്നുപോയി. ആദ്യവർഷങ്ങളിൽ തന്നെ ഏതാണ്ട് അറുനൂറോളം കൃതികൾ വായിച്ചു. പിന്നീട് പുതിയ നിയമം മാത്രം വായിക്കാൻ അയാൾ ഒരു വർഷത്തിലേറെയെടുത്തു. തത്ത്വ ചിന്തയും ദൈവശാസ്ത്രവുമായി തുടർന്നു വായന. പതിനാല് വത്സരങ്ങൾ പൂർത്തിയാകാൻ പോകുന്നു. ഇതിനിടെ ധനവന്റെ സമ്പത്തെല്ലാം നഷ്ടമായി. രണ്ട് മില്യൺ നല്കിയാൽ കുത്തുപാളയെടുക്കേണ്ട അയാൾ യുവാവിനെ കൊല്ലുവാൻ തന്നെ തീരുമാനിച്ചു. കത്തിയുമായി തടവറയിലെത്തിയ അയാൾ ഉറങ്ങിക്കിടക്കുന്ന യുവാവിന്റെ മേശമേലെ കുറിപ്പെടുത്ത് മെഴുകുതിരിവെട്ടത്തിൽ വായിക്കുകയാണ്.

‘‘നാളെ പന്ത്രണ്ട് മണിയാകുമ്പോൾ ഞാൻ എന്റെ സ്വാതന്ത്ര്യവും ഇതര മനുഷ്യരുമായി ഇടപഴകാനുള്ള അവകാശവും വീണ്ടെടുക്കുന്നു. പക്ഷെ ഈ മുറി വിട്ടിറങ്ങുന്നതിനും സൂര്യപ്രകാശം കാണുന്നതിനും മുന്നേ താങ്കളോട് ഏതാനും വാക്കുകൾ പറയണമെന്ന് എനിക്ക് തോന്നുന്നു. എന്നെക്കാണുന്ന ദൈവത്തിന്റെ മുൻപാകെയെന്നവണ്ണം ശുദ്ധമായ മനഃസാക്ഷിയോടു കൂടി ഞാൻ പറയുന്നു: നിങ്ങളുടെ പുസ്തകങ്ങളിൽ ലോകത്തിന്റെ വലിയ കാര്യങ്ങൾ എന്നുവിളിക്കുന്നവയെയെല്ലാം, സ്വാതന്ത്ര്യത്തെയും ജീവിതത്തെയും ആരോഗ്യത്തെയും, ഞാൻ പുച്ഛിച്ചു തള്ളുന്നു. ... നിങ്ങളുടെ കവികളും പ്രതിഭാശാലികളും സൃഷ്ടിച്ച മേഘച്ചീളുകളെ വെല്ലുന്ന സ്വർഗ്ഗീയ സൗന്ദര്യങ്ങൾ എന്നെ സന്ദർശിക്കുകയും അവർ എന്റെ കർണ്ണപുടങ്ങളിൽ മന്ത്രിച്ച കഥകൾ എന്റെ മസ്തിഷ്കത്തിൽ ചുഴലിക്കാറ്റുകൾ തന്നെ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.... മാനവരാശിയുടെ അശ്രാന്തചിന്തകൾ യുഗാന്തരങ്ങളിലൂടെ വിരചിച്ചതെല്ലാം ഒരു സൂചിമൊട്ടെന്നവണ്ണം എന്റെ ശിരസ്സിലേക്ക് ഒതുക്കപ്പെട്ടിരിക്കുന്നു.

നിങ്ങളുടെ പുസ്തകങ്ങളെയും, വിജ്ഞാനത്തെത്തന്നെയും ലോകത്തിന്റെ എല്ലാ അനുഗ്രഹങ്ങളെയും ഞാൻ അവഗണിക്കുന്നു. ഇവയെല്ലാം മരീചിക പോലെ അർത്ഥശൂന്യവും നൈമിഷികവും വഞ്ചനാത്മകവും മിഥ്യാപരവുമാണ് എന്ന് ഞാനറിയുന്നു. നിങ്ങൾ വിജ്ഞാനിയും അഭിമാനിയും നല്ലവനും ആയാലും തറയിലെ പൊത്തിലൊളിക്കുന്ന എലിയെപ്പോലെ നിങ്ങൾ ജീവിച്ചിരിപ്പില്ലായിരുന്നു എന്ന വണ്ണം മൃത്യു നിങ്ങളെ തുടച്ചുനീക്കുന്ന

തായിരിക്കും. നിങ്ങളുടെ അഭിവൃദ്ധിയും ചരിത്രവും അമർത്യരായ പ്രതിഭകളുമെല്ലാം ഭൂഗോളത്തിനൊപ്പം ചാമ്പലാകുകയോ മരവിച്ചുപോകുകയോ ചെയ്യും. യുക്തി നഷ്ടപ്പെട്ട നിങ്ങൾ വെറുതെ അപഥസഞ്ചാരം നടത്തുന്നു. നിങ്ങൾ കള്ളങ്ങളെ സത്യമായും വൃത്തികേടിനെ സൗന്ദര്യമായും കണക്കാക്കുന്നു.... നിങ്ങൾ വിലമതിക്കുന്നതിനെയെല്ലാം ഞാൻ തിരസ്കരിക്കുന്നു എന്നത് പ്രവർത്തിയിൽ കാണിച്ചുതരുവാൻ ഒരുകാലത്ത് ഞാൻ പറുദീസയെന്ന് കരുതിയതും ഇന്ന് ഞാൻ പുച്ഛിക്കുന്നതുമായ രണ്ട് ദശലക്ഷങ്ങളെ ഞാനിതാ പുച്ഛിച്ചുതള്ളുന്നു. പണത്തിനുള്ള എന്റെ അവകാശം ഇല്ലാതാക്കുന്നതിനും നമ്മൾ തമ്മിലുള്ള ഉടമ്പടി മന പ്പൂർവ്വം ലംഘിക്കുന്നതിനുമായി നിശ്ചയിക്കപ്പെട്ട സമയത്തിന് അഞ്ച് മണിക്കുറുകൾ മുന്നേ ഞാനിവിടെ നിന്നും പുറത്തുചാടുന്ന തായിരിക്കും.”

ദുരഭിമാനവും ധനാസക്തിയും തമ്മിലുള്ള പന്തയത്തിന്റെ പരിസമാപ്തിയിലാണ് കഥയുടെ സനാതന സന്ദേശം. രാത്രിയിൽ മാത്രം പുഷ്പിക്കുകയും സുഗന്ധം പരത്തുകയും ചെയ്യുന്ന നിശാഗന്ധി പോലെ ലോക്ക്ഡൗണിന്റെ ഇരുളിലെ സ്നാന ത്തിലൂടെയാണ് അയാൾ സ്വന്തം സ്വത്വത്തിന്റെ സുഗന്ധം കണ്ടെത്തുന്നത്. തടവറയുടെ അടച്ചുപൂട്ടലിൽ അയാൾ യഥാർത്ഥ ഗൃഹപ്രവേശം നടത്തുകയായിരുന്നു. പൂട്ടുകൾ തുറക്കുന്നത് പുറത്തുകടക്കാനല്ല അകത്തുകയറാനാണ്.

കോവിഡ് കാലത്തിന്റെ വീർപ്പു മുട്ടലുകളിലൂടെയൊക്കെ മനുഷ്യനിൽ സംഭവിക്കേണ്ട അന്തഃസ്ഫോടനങ്ങളുടെയെല്ലാം നേർക്കാഴ്ചയാകുന്നു ഈ പരിവർത്തനം. മാനവരാശിയുടെ നന്മയുടെ കനലുകളൊക്കെ ചാരത്തിനടിയിൽ മങ്ങിക്കത്തുന്നത് സാമൂഹിക അകലം സൃഷ്ടിക്കുന്ന ഏകാന്തതയുടെ ഇരുളിൽ തെളിഞ്ഞുകാണാം. ആ മങ്ങിയ വെളിച്ചത്തിൽ ജീവിതത്തിൽ ഭാസുരങ്ങളെന്ന് കരുതുന്നവയൊക്കെ നിഷ്പ്രഭമാകുന്നു. ലോക്ക്ഡൗണിന് ശേഷം മാനവരാശി കൈവരിച്ചിരിക്കേണ്ട പുതിയ ആത്മബോധങ്ങളുടെ ദർപ്പണമാണ് പന്തയത്തിലെ യുവാവ്.

ലോക്ക്ഡൗണിന് ശേഷം ലോകം ഘട്ടം ഘട്ടമായി വീണ്ടും പൂട്ടഴിക്കുമ്പോൾ മാനവരാശിക്ക് ആത്മപരിശോധനക്ക് ഒത്തിരിയേറെ ചോദ്യങ്ങൾ ബാക്കിയാവുന്നു. കോവിഡ് കാലത്തെ യുദ്ധസന്നാഹങ്ങളിലും രാജ്യങ്ങൾ പരസ്പരം നടത്തുന്ന

കുറ്റാരോപണങ്ങളിലും ഇരുളിൽ വിതക്കപ്പെടേണ്ട വസന്തത്തിന്റെ വിത്തുകൾ ഞെരിഞ്ഞമരുകയാണ്. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ലീഗ് ഓഫ് നേഷൻസ് ഉണ്ടായതുപോലെയോ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഐക്യരാഷ്ട്രസംഘടന ഉണ്ടായതു പോലെയോ ഹിരോഷിമക്കും നാഗസാക്കിക്കും ശേഷം അണ്വായുധവിരുദ്ധമുന്നേറ്റങ്ങൾ ഉണ്ടായതുപോലെയോ കോവിഡി നെതിരായ മഹായുദ്ധത്തിനുശേഷം വസന്തത്തിന്റെ കുറച്ചെങ്കിലും പുഷ്പങ്ങൾ വിരിയാൻ പോകുന്നതിന്റെ സൂചനകൾ വിരളമാണ് എന്നതാണ് ഏറെ ഭയപ്പെടുത്തുന്നത്.

◆

# Days to Remember

| | | |
|---|---|---|
| July 12 | - | Saints Louis Martin and Zelie Guerin |
| July 14 | - | D.A of Fr. Pius Edasseriparambil |
| July 16 | - | D.A of Fr. Thomas Puthukulangara |
| July 17 | - | D.A of Fr. Joseph Thoomkuzhy |
| July 25 | - | St. James, The Apostle |
| July 28 | - | St. Alphonsa Muttathupadam |
| August 4 | - | St. John Maria Vianny |
| August 15 | - | The Assumption of the Blessed Virgin Mary<br>Independence Day |
| August 26 | - | D.A of Fr. Bosco Vetticka |
| August 28 | - | St. Augustine |
| August 29 | - | St. Euprasia CMC |
| September 08 | - | Nativity of the Blessed Virgin Mary |
| September 09 | - | D.A of Bro. Jestin Poonely |
| September 16 | - | D.A of Fr. Seraphin Parambi |
| | - | D.A of Fr. Abraham Kunnakkatt |
| September 21 | - | St. Mathew, The Apostle |
| September 30 | - | D.A of St. Therese of Lisieux |
| October 01 | - | St. Therese of Lisieux |
| October 04 | - | D.A of Very Rev. Fr. Basilius Panatt,<br>Founder of Little Flower Congregation |
| October 04 | - | D.A of Bro. Ajimon Joy Kuzhiyalil |

# Stripped of self-sufficiency: Corona Days in Rome

**Fr. Rogi Thomas Narithookkil CST**
The Pontifical Scots College, Rome

The most uplifting and momentous experience of Lockdown days in Rome was not being able to leave the seminary chapel without being in tears after watching Pope Francis praying before the miraculous crucifix kept in the church of San Marcello on Rome's Via del Corso and receiving his special *Urbi et Orbi* blessing. On Friday 27 March 2020, Pope Francis delivered an extraordinary blessing "To the City and to the World" to pray for an end to the Covid-19 coronavirus pandemic. "COVID-19 is not God's judgment, but a call to live differently," the Pope said.[1]

Italy was the epicentre of the corona virus in Europe. The initial reports of an outbreak, in a few towns in the north of the country, were alarming enough, but they remained as news coming from far away for most of us in Rome. With shocking haste, the situation deteriorated: in rapid succession, whole communities and towns were quarantined; schools and churches were shut; museums, galleries, and palaces were closed; concerts and sporting events were cancelled. As the constant reports in the newspapers and on television accumulated, the mood altered. The alarming news from the north of Italy, resembled the bang of artillery shells exploding in a battle somewhere across the mountains, out of sight but no longer so far distant as to be quiet. Unexpectedly, the enemy moved across Lombardy and Veneto and south into Tuscany and Umbria. Venice was gravely threatened, then Bergamo, then Florence. Rome would tumble shortly.

---

[1] The quotes in the text by Pope Francis are taken from His reflection on the occasion when He delivered an extraordinary blessing "To the City and to the World" on Friday 27 March 2020, and its translation is taken from the writing of Devin Watkins.

With that threat in mind, all our seminarians and many staff members returned to their homes and only myself and Father Rector remained. Covid 19 did hit Rome and all areas of Italy with a vengeance. Peeping out of the window, wandering in the seminary compound empty and gloomy, provided me with no leisure and comfort but only the frequent and anguishing sound of the siren of ambulances carrying patients to nearby hospitals. Intellectual pride, scientific domination, and an instinctive sensitivity that “I have control over nature” have blinded mortal man. Ambulance sirens, a rising death toll, and the untimely demise of almost 150 Catholic priests in Italy reminded me of my mortality, and that feeling can become torturing and lead to total vulnerability, especially when you are in self-isolation and not permitted to leave your accommodation. If we are consciously reminded every moment that we are mortal, if every cell in the body is constantly aware that it is going to be terminated, then life is not at a total ease. Again, the comforting message of Jesus from the wisdom of Pope Francis is encouraging. Reflecting on a passage from the Gospel of Mark (4:35-41), he said; “For weeks now it has been evening, thick darkness has gathered over our squares, our streets and our cities; it has taken over our lives, filling everything with a deafening silence and a distressing void, that stops everything as it passes by; we feel it in the air, we notice it in people’s gestures, their glances give them away.” In this situation, he said, we feel afraid and lost, like the disciples whose boat was in danger of sinking while Jesus slept at the stern; not that Jesus is absent but was sleeping.

Almost 100 days of Lockdown! March-April-May-June….! The Virus has stripped my pride of self-sufficiency! As Pope Francis says; true faith germinates “when we realize we are in need of salvation” and are not self-sufficient. Arrogant self-sufficiency sluggishly liquidates into fear, to dependency, to helplessness, to fragility, and to an unpredictable future. Notwithstanding, Father Rector and I took courage and decided

to stay back in Rome because Pope Francis is here. Throughout the pandemic, he 'came into the dining rooms' of the Italians with his usual witty conversations, uplifting, encouraging, and healing the shattered souls. He reminded all to turn to Jesus and offer Him our fears. He will conquer them. "Because this is God's strength: turning to good everything that happens to us, even bad things. He brings serenity into our storms, because with God, life never dies." God asks now, amid the tempest, "to reawaken and put into practice that solidarity and hope capable of giving strength, support and meaning to these hours when everything seems to be floundering."

In the past few weeks, since the partial re-opening of Rome and Italy as a whole, streets slowly cope and learn to adapt within a changed situation. As the virus spread, 'the Eternal City' flattened out. Now, the crowds lining up to enter St. Peters Basilica, Colosseum or to visit the Forum have thinned; the crowds throwing coins in the Trevi Fountain or mounting the Spanish Steps have all but disappeared; restaurants and bars usually overflowing with patrons are almost unoccupied. In this partial re-opening, anyone could cherish the dream of paying a visit to the Vatican Museum and Sistine Chapel in solitary magnificence. However, the actual effect of the emptying out, is terrifying. A week ago, going with a colleague for dinner at 8 *P.M.*, we walked through the Piazza Navona, the most beautiful square in the world, and were completely on our own. A unique, but strange experience!

What would be the vital lesson I learn from this pandemic? Ultimately it is humility. The humility to accept my vulnerability, to look inward and realize that I belong to this world. This has challenged my pride, presuppositions, priorities, decisions and has allowed me to be humbled. "Humility is not being downcast and humiliated; rather, it is the discovery of our true greatness that flows from the recognition that we have been created. It is the humility that Christ taught us that allows me to be freed

from the trap of terrible follies of pride."[2] Pope Francis said we have all gone ahead "at breakneck speed", ignoring the wars, injustice, and cries of the poor and our ailing planet. "We carried on regardless, thinking we would stay healthy in a world that was sick." In our stormy sea, we now cry out: "Wake up, Lord!" Yes, it is a wakeup call for us to return more to embrace the beauty and natural resources of the earth with humility. Cardinal George Alenchery's call to return to agriculture and farming, in his recent appeal has a similar vibe. Locked- in days for me, thus became days to nurture the nostalgia about my own agricultural background and upbringing, and days of priestly formation; and allowed me to find time for gardening.

In conclusion, when confronted with fear, uncertainty and open questions, we would do well to respond to the pandemic coronavirus and reflect on what determines a healthy Christian response to this threat. *"I hear many whispering, 'Terror on every side!'"* (Psalm 31:13). In times of crisis we often find it easier to identify with the psalmist. But the psalmist would have us move past terror to say, "I trust in you, Lord … My times are in your hands; deliver me from the hands of my enemies" (Psalm 31:14-15) As St. Augustine would say, "as we are saved by hope, so we are made happy by hope." "The Covid-19 pandemic has reminded us that we are all in the same boat," said Pope Francis, "and so we call out to Jesus." The disciples ask Him, "Teacher, do you not care if we perish?" The Pope said these words would have shaken Jesus, "because He, more than anyone, cares about us." Concluding, what does it mean that he cares for me? I would pray with the psalmist, "Surely, (His) goodness and mercy shall follow me all the days of my life; and I shall dwell in the house of the Lord for ever" (Psalm 23:6).

◆

[2] Bishop Mark Davis, "English Bishops Reflects on the Way Ahead After Coronavirus," in *National Catholic Register* , 22 May 2020.

# മഹാമാരിക്കുള്ളിലെ ദൈവിക പദ്ധതി

ഫാ. പ്രസാദ് കുരിശുങ്കൽ സി.എസ്.റ്റി.

ചിന്തിക്കുമ്പോൾ അതിശയം തോന്നുന്ന ഒരു ജീവിതശൈലിയിലേക്ക് എത്ര വേഗത്തിലാണ് മനുഷ്യൻ ചേക്കേറിയത്. അനുസരണക്കേടിന്റെ മക്കളെ അനുസരണയുള്ളവരാക്കി മാറ്റി ഒരു സൂക്ഷ്മജീവി. ഹെൽമെറ്റ് ധരിക്കുവാൻ മടിക്കുന്നവർ പോലും മാസ്ക് ധരിക്കുവാൻ തുടങ്ങി. വീടിന്റെ സ്വസ്ഥതയിലേക്ക് പലരും സ്വമനസ്സാ പറിച്ച് നട്ടു. കണ്ണുകൾ കൊണ്ട് കാണാതെയൊന്നും വിശ്വസിക്കുകയില്ലെന്ന് പറയുന്നവർ കാണാത്തതിനെ ഭയപ്പെട്ടുതുടങ്ങി. തിരക്കുകളുടെ പരാതി പറഞ്ഞിരുന്നവർക്ക് ഇന്ന് ധാരാളം സമയം ഉണ്ട്. സോപ്പുവെള്ളംകൊണ്ട് ഇല്ലാതാക്കാൻ കഴിയുന്നതിനെയാണ് നാം ഇത്രമേൽ ഭയപ്പെടുന്നത്. സത്യം ഒന്നേയുള്ളു, എല്ലാവർക്കും ജീവിക്കുവാൻ കൊതിയുണ്ട്. മരണത്തെ എല്ലാവർക്കും ഭയമാണ്. നാം എന്തിനെയാണ് ഭയപ്പെടേണ്ടത്? വൈറസിനെ ഭയപ്പെടുന്നതിനേക്കാൾ ദൈവത്തെ ഭയപ്പെടുവാൻ കഴിയുമോ? ഇതായിരിക്കും ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തെ ഭയപ്പെടുന്ന ഒരു ജനതയാണ് ദൈവം പ്രതീക്ഷിക്കുന്നത്. വൈറസിനെ ഒഴിവാക്കുന്നതിന് ജാഗ്രത വേണം. ജീവിതത്തെ നവീകരിക്കാനും ജാഗ്രത ആവശ്യമാണ്. പൗരോഹിത്യ-സന്യാസ ജീവിതത്തിൽ ഈ ജാഗ്രത കുറവ് സംഭവിക്കുന്നുണ്ടോ? സമകാലിക സംഭവങ്ങൾ അങ്ങനെ സൂചിപ്പിക്കുന്നു.

ഏശയ്യ 66-2 ൽ ഇങ്ങനെ വായിക്കുന്നു. ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുക. വൈറസിനെക്കുറിച്ച് ചിന്തിച്ചല്ല നാം വിറയ്ക്കേണ്ടത്. മറിച്ച് ദൈവത്തിന്റെ വചനം ശ്രവിക്കുമ്പോൾ ആണ്. അതിന് എളിമയും അനുതാപവും ആവശ്യമാണ്. ഏശയ്യ 28-22 ൽ "നിങ്ങൾ നിന്ദിക്കരുത്. നിന്ദിച്ചാൽ നിങ്ങളുടെ ബന്ധനങ്ങൾ കഠിനമാകും. ദേശം മുഴുവൻ വരാനിരിക്കുന്ന നാശത്തെക്കുറിച്ചുള്ള സൈന്യങ്ങളുടെ കർത്താവിന്റെ വിധി ഞാൻ കേട്ടു". നമ്മുടെ സംസാരങ്ങൾ ശ്രദ്ധിക്കുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. ഒരു പക്ഷെ പരസ്പരം ബഹുമാനം ഇല്ലാതെ സംസാരിച്ചുപോയ സന്ദർഭങ്ങളിൽ നിന്ന് നാം നാശം ക്ഷണിച്ചുവരുത്തിയില്ലേ?

പുറപ്പാട് പുസ്തകത്തിൽ വായിക്കുന്ന മഹാമാരി സംഭവിക്കുന്നത് ഇസ്രായേൽ ജനതയെ ദൈവാരാധനയ്ക്ക് വേണ്ടി ഫറവോ വിട്ടയ്ക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ഫറവോയുടെ ഹൃദയം കഠിനമാകും... എന്നിടത്ത് 'അനുതപിച്ചില്ലെങ്കിൽ' എന്ന വ്യവസ്ഥ ഓരോ മഹാമാരിയുടെ സമയത്തും ഉണ്ടാവുന്നുണ്ട്. ഈ വൈറസിന്റെ വ്യാപനത്തിലും ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നത്, 'അനുതപിച്ചില്ലെങ്കിൽ...' എന്ന വ്യവസ്ഥയാണ്.

പുറപ്പാട് പുസ്തകത്തിലെ രണ്ട് അദ്ധ്യായങ്ങളുടെ തലവാചകം "ദൈവം മോശയെ ശക്തിപ്പെടുത്തുന്നു" എന്നതാണ്. ഈ ശക്തിപ്പെടുത്തൽ സ്വീകരിച്ചതിനുശേഷം ആണ് മഹാമാരിയുടെ ഇടയിലൂടെ നടന്ന് മോശയും അഹറോനും ഫറവോയുടെ അടുത്തേക്ക് കയറിച്ചെല്ലുന്നത്. ഫറവോ മോശയോടും അഹറോനോടും തന്റെ ജനത്തെ രക്ഷിക്കുവാൻ കർത്താവിനോട് അപേക്ഷിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. ഈ കാലഘട്ടത്തിലെ പ്രവാചകരായ നമ്മോട് ദൈവം ആവശ്യപ്പെടുന്നത് തന്റെ സന്നിധിയിൽ വന്ന് ശക്തിപ്പെടുവിൻ എന്നാണ്. അങ്ങനെ ശക്തിപ്പെടുന്നവരോട് വിജാതീയരായ ഭരണകർത്താക്കൾ പ്രാർത്ഥന ആവശ്യപ്പെടും. ഇത് ദൈവം നൽകിയ അവസരമാണ്. അത് പ്രയോജനപ്പെടുത്തുന്നതിൽ നാം പരാജയപ്പെടരുത്... മോശയ്ക്കും അഹറോനും ലഭിച്ച അതേ അഭിഷേകം തന്നെയാണ് നമുക്കും ലഭിച്ചിരിക്കുന്നത്. പൗരോഹിത്യ സ്വീകരണവേളയിലെ പ്രാർത്ഥനകളിൽ ഈ കാര്യം നാം ഓർമ്മിക്കുന്നുണ്ട്. അതിനാൽ അഭിഷേകത്തിന് കുറവ് ഇല്ല. വിശുദ്ധിയും ധൈര്യവും ആത്മാവിലുള്ള ശക്തിപ്പെടുത്തലുമാണ് ആവശ്യം. പാപകരമായ ജീവിതമാണ് അതിന് തടസ്സമായി നിൽക്കുന്നത്.

മോശയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ദൈവം പ്രത്യക്ഷപ്പെട്ട അവസരത്തിൽ ദൈവം മോശയോട് പറഞ്ഞു. "നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക എന്തുകൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്". ഈ തിരുവചനം പള്ളിയിൽ ചെരുപ്പ് ഉപയോഗിക്കാതിരിക്കാനുള്ള മുന്നറിയിപ്പ് വാചകമായി എഴുതി സൂക്ഷിക്കേണ്ട ഒന്നല്ല. സന്യാസ-പൗരോഹിത്യ ജീവിതം നയിക്കുന്ന നമ്മെ ഓർമ്മപ്പെടുത്തുന്ന തിരുവചനമാണ് ഇത്. നാം നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നാം ബലി അർപ്പിക്കുന്ന സ്ഥലം, താമസിക്കുന്ന സ്ഥലം, നാം സ്വീകരിച്ച വിളി ഇവ പരിശുദ്ധമാണ്. ഈ ചിന്ത നാം മറന്ന് തുടങ്ങിയോ.... അശുദ്ധിയോടുകൂടിയാണോ നാം

പരിശുദ്ധ സ്ഥലത്ത് ആയിരിക്കുന്നത്. പരിശുദ്ധിക്ക് തടസ്സമായി തീരുന്ന, അഴിച്ചുവെക്കേണ്ട പലതിന്റെയും സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നുണ്ട്.... പുറപ്പാട് 28: 36 ൽ നാം വായിക്കുന്നു; "ഒരു മുദ്രയെപ്പോലെ കർത്താവിന്റെ സമർപ്പിതൻ എന്ന് കൊത്തിവെയ്ക്കുക.'' കർത്താവിന് സമർപ്പിതനാണ് എന്നുള്ള ചിന്ത നമ്മളിൽ നിന്നും അകന്നു തുടങ്ങിയോ.....

പുരോഹിത ശുശ്രൂഷയിൽ ആയിരുന്ന ഏലിയുടെ പുത്രന്മാരുടെ പാപത്തെക്കുറിച്ച് വചനം ഇങ്ങനെ പറയുന്നു. 1 സാമുവൽ 2:17 "...പാപം ദൈവസന്നിധിയിൽ ഗുരതരമായിരുന്നു. അത്ര അശ്രദ്ധയോടെയാണ് അവർ കർത്താവിനുള്ള അർച്ചനയെ വീക്ഷിച്ചത്." നാം എങ്ങനെയാണ് ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്നത്.... അശ്രദ്ധയോടെ എന്ന വാക്ക് നമുക്ക് എതിരെ ദൈവം ഉപയോഗിക്കുമോ.... പൗരോഹിത്യ വിശുദ്ധിയുടെ കുറവ് തന്നെയാണ് ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ കുറവ്.... പഴയനിയമത്തിലെ പ്രവാചകന്മാരുടെ അവിശ്വസ്തതയ്ക്കും, അശുദ്ധിക്കും, പാപത്തിനും, പീഢനം സഹിക്കേണ്ടിവന്നത് സാധാരണ ജനം ആയിരുന്നു. ഏറ്റവും നല്ല ഉദാഹരണം യോനാ പ്രവാചകൻ തന്നെയാണ്. കോവിഡ് കാലത്ത് ഏറ്റവും അധികം വിമർശനം സഹിക്കേണ്ടിവന്നതും ചില സംഭവങ്ങൾ രൂപപ്പെട്ടതും പൗരോഹിത്യത്തിനും സഭയ്ക്കും എതിരായിട്ടായിരുന്നു. ഇവ നൽകുന്ന മുന്നറിയിപ്പ് നാം കാണാതെ പോകരുത്.... ഒരു ആത്മവിമർശനത്തിന് സമയമായിരിക്കുന്നു. യോനായെ നറുക്കിട്ട് ജനം കടലിൽ എറിഞ്ഞു... ഇത് ഒരു സൂചനയാണ്. വിളിയും ദൗത്യവും മറന്ന് യാത്ര ചെയ്തവനാണ് യോനാ... വിജാതീയർ അവരുടെ ദൈവത്തെ വിളിച്ച് അപേക്ഷിച്ചപ്പോഴും കർത്താവിന്റെ പ്രവാചകൻ ഉറക്കത്തിലായിരുന്നു....ഈ കോവിഡ് കാലത്ത് നമ്മുടെ വിശ്രമ സമയങ്ങൾ കൂടിയിട്ടുണ്ടോ... നമുക്ക് നറുക്കിടാൻ വേണ്ടി ജനം കാത്തിരിക്കുന്നുണ്ടോ.... 1 സാമുവൽ 2.25 ൽ ഇങ്ങനെ വായിക്കുന്നു. "മനുഷ്യൻ മനുഷ്യനോട് പാപം ചെയ്താൽ ദൈവം അവനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കും. കർത്താവിനോട് പാപം ചെയ്താൽ ആർ മാദ്ധ്യസ്ഥം വഹിക്കും....? അവരെ നശിപ്പിക്കാൻ കർത്താവ് നിശ്ചയിച്ചു."

ബലിയർപ്പണം തടസ്സപ്പെടുന്നു....
പൗരോഹിത്യം അവഹേളിക്കപ്പെടുന്നു....
ജനപങ്കാളിത്തം കുറയുന്നു....

വിശ്വാസജീവിതം ചോദ്യം ചെയ്യപ്പെടുന്നു....
കുദാശ ജീവിതം വിമർശിക്കപ്പെടുന്നു....
സമ്പത്തിന്റെ സ്വാധീനം ആത്മീയതയിൽ കൂടുന്നു....
സന്യാസ-പൗരോഹിത്യ-സഭാ-കൂട്ടായ്മയിൽ ശിഥിലീകരണം സംഭവിക്കുന്നു....
നന്മ-തിന്മകളെ തിരിച്ചറിയാൻ കഴിയാതെ വരുന്നു....
സോഷ്യൽ മീഡിയയുടെ അടിമത്തം സന്യാസ-പൗരോഹിത്യ ജീവിതത്തിൽ കൂടുന്നു....
പരസ്പരവിശ്വാസം കുറയുന്നു....
ഈ ലിസ്റ്റ് കൂടുന്നുണ്ട്.

ഈ മഹാമാരിയുടെ ഇടയിൽ ജനം ആകുലപ്പെടുമ്പോൾ നമ്മുടെ ആകുലതകൾ എവിടെ?
അത് അധികാരത്തെക്കുറിച്ചായിരുന്നുവോ?....
അത് സോഷ്യൽ മീഡിയയെക്കുറിച്ചായിരുന്നുവോ?....
അത് സ്ഥാപനവത്കരണത്തെക്കുറിച്ചായിരുന്നുവോ?....
അത് പരസ്പരം വിമർശിക്കുന്നതിനെക്കുറിച്ചായിരുന്നുവോ?....
അത് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിനേക്കുറിച്ചായിരുന്നുവോ?....
ഇങ്ങനെ ഈ ലിസ്റ്റും നീളുകയാണ്.

ഞാൻ എന്തിനെക്കുറിച്ചായിരുന്നു ആകുലപ്പെടേണ്ടത്....?
വിശ്വാസത്തിൽ നിന്നും അകലുന്ന ജനത്തെക്കുറിച്ച്....
സഭാസമൂഹത്തിലെ കൂട്ടായ്മയെക്കുറിച്ച്....
വ്യക്തിപരമായ ആത്മീയ ജീവിതത്തെക്കുറിച്ച്....
കൂദാശ ജീവിതത്തെക്കുറിച്ച്...
ദൈവത്തിന് സ്വീകാര്യമായ ബലി അർപ്പിക്കുന്നതിനെക്കുറിച്ച്....
ചുറ്റും ഉള്ള ജനത്തിന്റെ കഷ്ടപ്പാടുകളെക്കുറിച്ച്....
ദാരിദ്ര്യം അനുഭവിക്കുന്ന ജനത്തെക്കുറിച്ച്....
തൊഴിൽ നഷ്ടപ്പെടുന്ന അനേകരെക്കുറിച്ച്....
നിരാശയിലും വിഷാദരോഗത്തിലും കഴിയുന്നവരെക്കുറിച്ച്....
മാറിയ സാഹചര്യവുമായി പൊരുതപ്പെടുവാൻ ബുദ്ധിമുട്ടുന്നവരെക്കുറിച്ച്....
ഈ ലിസ്റ്റും നീളുകയാണ്.

ഒരു ബലിയർപ്പണത്തിന്റെ പശ്ചാത്തലത്തിലാണ് മഹാമാരിയുടെ ശമനം പുറപ്പാട് പുസ്തകത്തിൽ സംഭവിക്കുന്നത്. പെസഹാ ആചരണത്തിലൂടെ മഹാമാരിയുടെ രൂക്ഷതയിൽ നിന്നും

ജനം മുക്തി നേടുകയും ഇസ്രായേൽക്കാർ കാനാൻ ദേശം ലക്ഷ്യ മാക്കി യാത്രപുറപ്പെടുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിലും ഇതുതന്നെ സംഭവിക്കേണ്ടിയിരിക്കുന്നു. ഊനമറ്റ കുഞ്ഞാടിന്റെ ബലിയർപ്പണം ആണ് പുറപ്പാട് സംഭവത്തിൽ നടക്കുന്നത്. ബലി യർപ്പണത്തെക്കുറിച്ച് ലേവ്യരുടെ പുസ്തകത്തിൽ പറയുന്നിടത്ത് ദൈവം പറയും, ബലി വസ്തു ഊനമറ്റതായിരിക്കണം. അതായത് കുറ്റമറ്റതായിരിക്കണം, കുറവില്ലാത്തതായിരിക്കണം. ബലഹീനരാ യ നമ്മുടെ കരങ്ങളിലൂടെ ഇന്ന് അർപ്പിക്കപ്പെടുന്ന ബലി ഊനമറ്റ തായാൽ ഈ മഹാമാരിയെ അതിജീവിക്കുവാൻ നമുക്ക് സാധി ക്കും. കൂടുതൽ തീക്ഷ്ണതയോടെ, കൂടുതൽ വിശുദ്ധിയോടെ കർ ത്താവിന്റെ അൾത്താരയിൽ മലിനമാക്കാത്ത, സ്വീകാര്യമായ ഒരു ബലി അർപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാം...

ഏശയ്യായുടെ പുസ്തകത്തിൽ 66: 3–4 തിരുവചനങ്ങൾ ഇങ്ങ നെ പറയുന്നു "..... അവർ സ്വന്തം പാത തിരഞ്ഞെടുക്കുകയും അ വരുടെ ആത്മാക്കൾ അവരുടെ മ്ലേച്ഛതകളിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഞാൻ അവർക്കായി പീഡനം തിരഞ്ഞെടുക്കും. അവർ ഭയപ്പെട്ടത് അവരുടെ മേൽ വരുത്തും. കാരണം ഞാൻ വിളിച്ചപ്പോൾ ആരും വിളികേട്ടില്ല. ഞാൻ സംസാരിച്ചപ്പോൾ അവർ ശ്രദ്ധിച്ചില്ല. അവർ എന്റെ ദൃഷ്ടിയിൽ തിന്മയായത് പ്രവർത്തിച്ചു. എനിക്ക് അനിഷ്ടമായത് അവർ തിരഞ്ഞെടുത്തു. കർത്താവിന്റെ വചനം കേൾക്കുമ്പോൾ വിറയ്ക്കുന്നവരെ, അവിടുത്തെ വചനം കേൾക്കു വിൻ." ◆

## *CORONA QUOTES*

*I don't think of all the misery, but of the beauty that still remains.* - Anne Frank

*We would ask for the same schemes that are being extended to healthcare workers to be extended to allied workers.* - Masood Mallick, Ramky Enviro Engineers

# A Symptomatic Spiritual Retrospection of Covid-19 Featuring Post-Covid Life

**Dr. Jijo James Indiparambil CST**

## Introduction

The forgone months with corona pandemic have been very terrible for at least several of us, quite some feel sick and panic alarmingly thinking like having covid-19, quite a few still distressingly waiting for final test results, and some others having this Covid 19, hospitalized, and fighting literally for their lives. It has now become real, dwells amidst us, and hastily spreads in our communities. People whom we know are sick and dying from it and they want nothing but to know - Where is God? An amounting fears in line with this deadly/endemic or virulent disease and of course few unknown reasons lead people to take the decision of committing suicide. The dreaded experiences of present trepidation at this rampage of sickness form crossroads that all Christians will eventually face. When our untested faith in God's goodness is suddenly challenged, we are but left with the question, how can I believe God works for my good when what he is allowing seems far from it? These questions are not made up for the sake of this script. These and numerous other thoughts have been running through my mind these days as the fear of this virus has come so close to my own neighborhood.

However, as quickly as a question would come, God's Word would speak to our hearts a comforting verse, which is quick, powerful and sharper than any Two Edged Sword. Beating down the fear, and cutting between the doubts and leaving us with faith to believe and hope and feel God's presence. So, when I dare to think a little religiously about this pestilence that has overtaken man's intellect, the world's schemes and

scandals with all its pride, what comes first to my mind is St. Paul's words in his Epistle to the Romans: *"And we know that all things work together for good to those who love God..."* (Rom. 8:28). It clearly says that all things, good and bad, pleasant and unpleasant – everything –including every person, works together for the best for those who love God. What a comforting verse is given to our disposal - everything that we meet in life, everything, without exception, works together for our good. Accepting this solacing Word of God, I make a retrospective reflection over the Covid season.

**A Blessed and Serene Time for Introspection**

Apart from pausing a crazy longing for possessing more and more material goods and services, the Covid season stopped an extreme-passionate religious fanatical impulses and cravings, which even led often to psychological compulsive behaviors and settlement rather than a spiritual journey. Religion, faith, and devotion had been altered to some extent by an involuntary journey with some kind of flow or a peripheral voyage with the current. However, due to the break-the-chain campaign of covid-19 and its preventive measures of social distancing and staying at home, like everywhere, the Church is limited to a live social media feed piecing in clips of recorded sacramental administration - virtual Holy Masses and other worships from recent weeks. There are many elements of normal Church services that were not administered for the past few weeks or months: elements that we all love and expect at least on Sunday mornings, elements like the one who opens the door and welcomes us into the Church, the smell of the frankincense, the warmth of meeting other believers, and lovable greetings, handshake or hug, the live music and sound of others worshiping around us, etc.

It seems like a whole lot of unnecessary races and wadding of human beings has finally come to an end and for me, it sounds like a gifted time and opportunity to look inside of myself - a *spiritual introspection* - to see God and experience his love. It is a golden opportunity for everyone to rethink and decide the direction and destination of his or her own spiritual expedition. This introspection and sitting along with Jesus make us partakers of His presence. Like Mary from Bethany, we choose that “one thing” implying what it really means to sit at the feet of the Lord Jesus and hear His Word. The commendation for us to imbibe recalls what is the number-one requirement for every Christian and especially for Religious - not service alone, but sitting at the feet of the Lord Jesus. It is all the more mandatory to welcome Jesus in our presence before sitting at His feet, implying a reception. Then the act of sitting at feet will recognize total submission to His teaching, truth and sovereign authority as Lord our God. This season of Corona once again reminded us that reception and submission are binding parameters before any fruitful service. For, Jesus wanted to show Martha that sitting at His feet was necessary as the first requirement of a prolific service. So, let us now ask ourselves how much time I spend alone with Him, in comparison with the time I spend in service.

**A Transit from Shallow Devotion to Profound Spirituality**

It gives a new meaning to our religiosity by bringing a radical transformation or a paradigm shift from a superficial public devotion to an authentic private spirituality. This makeover or rather internal conversion is an affirmative consequence or an optimistic result of above said introspection. Spirituality is something internal to a person with adequate knowledge and awareness of being what one is, while devotion is related to the rituals or external practice of what one believes. Spirituality then helps one to build self-discipline with routine and habitual spiritual

practices and being consistent in his/her prayers and it prepares all for other disciplines needed in their life. Devotion can be perceived only as a part of the spiritual world. Very often our devotional practices or informal gestures had become a part of formal liturgies widely recognizing that everything is linked to the Divine. There have been instances that have bracketed our own religious existence according to these precincts. At this time of a pure vacuum or emptiness due to the complete lockdown affecting all social, economic, political and religious realms, when people felt nothing is left under the feet and still standing at a zero point seeing no race of hope or a spark of life at the end shore, it compels us to move from the wandering fringe side to dive deep into and dwell in the comforts of spiritual depths.

It is so easy to drift through life with deceptions of public religious performance without having any inner conviction about the same. It is time to renounce the extremely binding harbored expressions of public devotion. Fear - being afraid of what might happen - may be the root of our folly and by which we may take more foolish choices in our spiritual and prayer life. This season of the Corona epidemic undoubtedly induced many faithful to take a fresh step in prayer and spirituality that was in the dream and teaching of Jesus: "… go into your inner room, shut your door, and pray … in secret…" (Mt. 6:6). It fetches in a relative manner that God may not remove anything from us or abundantly replace with something far greater than we ever could have imagined and expected, but He is truly making all things together for the good of those who love him. An important take away at this situation is that the Word of God is there. The discourses and preaching of the Word that gives strength and comfort to us who may grow weak in the faith will be there. The anointed presence that brings the Power of God into our homes and lives will be there.

**It is a Time When Alternatives are Allowed**

As the possibility and legal provision of reopening of Churches is granted, Cardinal Oswald Gracias, as part of giving guidelines to the faithful, affirmed the factors that need to be taken into account. These are: “the right of our faithful to have pastoral care; our responsibility to protect people from the danger of infection that could prove to be fatal; government directives, and liturgical law.” At present, I have the impression that we have been depending on our “buildings” too much and too long. That’s what this virus is teaching me. The concept building is not necessarily the infrastructure alone, rather all other build ups that the Church has propagated as obligatory for salvation. What I am considering right now is God cutting away all the crutches that we have been leaning on and leaving us with virtually only the ability to preach His Word - Word of life, Word of hope, Word of strength and salvation. In the midst of all this fear, anxiety, confusion and sickness, this Word will stand forever and does not fail, bend or bow, and this has to be experienced and professed.

An important progression is that we could reach very quickly without any discussion or interruptions a consensus on *alternatives are allowed*. The rituals have all been proven to be relatively simple and a matter of discretion that can be altered if necessary. Many of the faith practices, customs, ceremonies, etc. that would not have been valid if this were not the case, have been promoted and encouraged without further debate or dialogue. It seems just like the fulfillment of Christ’s Words “the Sabbath was made for man, not man for the Sabbath.” The “Sabbath” - sacraments, rituals, and the procedures of belief and faith practices were intended to help people, not to burden them in any case. In the same way, we cannot disregard or forget that it has created great convictions among the faithful. For even those who just came to the Mass as viewers and

returned home, feel heartbreaking when attending the same now live via the present broadcasting of digital media, though something lively. It is only after the living rooms have been turned into Altars that many realize that the Holy Eucharist was indeed being experienced and is now not possible in the same way.

**Revisiting the *ekklésia* being Institutional to Evangelical Nature**

Institutional appearance and evangelical expression are the two misrepresented faces of the present Church. Suddenly in one day everything that was eagerly built became irrelevant. We have misled somehow and slipped from the Evangelical aspect of Christ's Church and pitched our tent more at its institutional facet. Institutionalized form of being the Church tends to align itself against the significance of the ordinary and traditional Church practices and often goes against the needs of individuals who are poor and marginalized, while at the same time exalting an elite few. In fact there is a tendency to reckon the Church to be only the offices of the institutional pattern, from whom the offices are presumed gifted with authority. All our worships and rituals gradually and in excessive ways, became institutionalized. As a result, there was an immense failure in preparing our younger generation to facilitate themselves to create a *personal spirituality* and to teach them that one, by being in himself, can find his own God. Perhaps that is why when the Churches, Shrines and worshiping centers were closed, our Christian youths were more captured and badly affected than the peer group of Hindu/Muslim brothers and sisters.

It is true that an institution can enrich life, but institutionalization takes that 'good thing' and turns it into perishable goods and cause for bereavement. When the activities and ministries of the Church become over institutionalized, it becomes fragile, narrow and life-exhausting.

Therefore, I personally perceive that the time of Corona is a good sign and a time of realization that there arises a personal spiritual pedagogy going beyond the vagueness of institutional or social affairs. In this way, the evangelical nature of the Church always retains the sacred aura of the original liberating and salvific purpose of Christ. This will keep our church on an upward trajectory of life-giving renewal. Over the time, as the Spirit encourages us and prompts under God's mighty hand, our plea over the changed circumstances begins to lessen and our plea of changed hearts begins to increase. This alteration is truly a mark of the proper representation of our hearts towards God's covenant and God's faithfulness to his promise to work all things together for the good of those who love Him.

**Reaffirmation of Church's Identity of *Diakonia***

The Church is always conscious of her *diakonia*, her call to serve. This is the active part of the above mentioned contemplative (spiritual introspection) nature of the Church partaking outwardly the needs of the society. During the Covid pandemic and the lockdown, the Church in Kerala has served several groups of people in multiple categories in an unprecedented way. This marked from opening of health and other facilities for treatment and quarantine to working as frontline workers providing food and survival kits to migrants, guest laborers and needy families. The Church has done it from the Parish level to the national level. Every Christian was on the lookout to reach out to the poor and the needy in a legally accepted manner with a social distancing. However, the mission is far from completing because the pandemic continues and perhaps worse is yet to come. As service providers and the comforters of the needy, we confront two issues: to get over the pandemic as soon as possible and work on the recovery of normal life. The Church should play a role in both. This would

rather see the ship of people's hope for the future kept afloat than allowing sinking it.

So, the Church can play the role of organizing people in virtual platforms, raising awareness, creating different programmes for betterment of the society. The movement of people even within the state for jobs needs regulation and control. Creating access to resources and entitlements in this regard should also be the distinct role of the Church. Generating spiritual and material livelihoods in all areas of human life is of paramount importance today. A cluster of gainful activities to uplift the poor and the downtrodden is highly required in this critical situation of rapid spread of a dreaded disease. In other words, there is a lot of scope for Church ministries for spiritual nourishment, skill development, training, and credit to create alternatives. All this should be regenerated on new terms and conditions based on the principle of love, justice, mercy and brotherhood. What was happening prior to COVID-19 was far from normal; it was injustice and oppression that was normalized or rather made to feel that it was normal. This has come as an opportunity in disguise to create an egalitarian society. The Church should take her social teachings seriously and work on them. Likewise, during the corona season the Church becomes something that we can never confine within four walls and real worship becomes something that words cannot box in.

**Conclusion**

I persuade all of you to stay in the Word of God while staying at home and make an upward journey with God alongside. Let the Word cut through all the doubt and fear that is plaguing our world today. Don't turn back at the "destruction" - temptations and failures - behind you. Move forward in your faith and in your life with Him. For, the world feels surrounded by the Corona Virus and are full of anxiety and fear. But the

Church needs to understand that God has surrounded us by His Spirit. His protection is all around us. His presence, power and protection is wherever you are at right now if you are surrounded by His glory. Believe and profess that we are surrounded by the radiance of God's glory. When the priorities of values are reversed and changes in lifestyles take place, this pestilence will cause, for certain, to have a true Christian vision for the next generation. A new era with young faithful will arise having realized how to stay with Christ without the back-up of festivities and crowds. People of this golden epoch will be like Mary, the mother of all, who proclaimed to fulfill the word of God in her, like Mary of Bethany who had chosen the best part, and like John, who stuck in Jesus' heart, and they, as a community of believers with deep spiritual visions, will publicly proclaim and profess, like Thomas, the Apostle, "my Lord my God." Then it is arguably and ironically the Church re-incarnated.

◆

***CORONA QUOTES***

*The need of the hour is to enable doctors to support the maximum number of people even with the travel and geographic restrictions*.

- Pankaj Agarwal, Cisco

*Healthcare workers getting infected is the worst thing to happen because healthcare professionals are most required resource at this time.*

- Mudit Dandwate, Dozee

# കൊറോണക്കാലത്തെ കൊച്ചുചിന്തകൾ

**ഫാ. ജോബി കൊച്ചുപുരയിൽ സി.എസ്.ടി**
സെന്റ് തോമസ് പ്രൊവിൻസ്

കണ്ണുകൊണ്ട് കാണാനാകുന്നതിനെയൊക്കെ കൂട്ടിലടച്ച വരെ കണ്ണുകൊണ്ട് കാണാനാകാത്തയൊന്ന് കൂട്ടിലാക്കിയതിന്റെ കഥ – കോവിഡ് 19. Covid എന്ന വാക്കിലെ അക്ഷരങ്ങൾ പുനക്ര മീകരിച്ചാൽ *void*(ശൂന്യത) എന്ന വാക്ക് രൂപപ്പെടും. ഒരർത്ഥത്തിൽ, ജീവിതകൽഭരണികളിൽ നിറഞ്ഞുനിന്നിരുന്ന സന്തോഷത്തിന്റെ പുതുവീഞ്ഞിനെ ശൂന്യമാക്കിയ (void) വൈറസാണ് കോവിഡ്. ശ്യൂന്യമായ *(void)* ജീവിതകൽഭരണികളിൽ സന്തോഷത്തന്റെ പുതു വീഞ്ഞുനിറയ്ക്കുവാൻ സാധിക്കുന്നവനെ തേടുകയാണ് മാനവരാ ശി. ശൂന്യത *(void)* ഓരിയിടുന്ന മണലാരണ്യത്തിൽ മനുഷ്യനെ കണ്ടെത്തി അവനെ വാരിപ്പുണർന്ന് താത്പര്യപൂർവ്വം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ച ദൈവത്തിലും (നിയമാവർത്തനം 32:10), കാനായിലെ കല്ല്യാണവീട്ടിലെ ശൂന്യമായ *(void)* കൽഭരണി കളിൽ പുതുവീഞ്ഞു നിറച്ച ദൈവപുത്രനിലും, അവന്റെ നിർദ്ദേശ പ്രകാരം കൽഭരണികളിൽ വെള്ളം നിറച്ച പരിചാരകരുടെ കുപ്പാ യങ്ങളണിഞ്ഞ് പരിചരണമൊരുക്കുന്ന ആരോഗ്യപ്രവർത്തകരിലു മാണ് മനുഷ്യന്റെ അന്വേഷണങ്ങൾക്ക് ഉത്തരമൊരുങ്ങുന്നത്.

കാണുന്നവന്റെ കാഴ്ച്ചയിലും കാഴ്ച്ചപ്പാടുകളിലുമാണ് നന്മതിന്മകളുരുത്തിരിയുന്നത്. അതുകൊണ്ടാണല്ലോ രണ്ടുപേർ ഒരേ റോസാ ചെടിയിൽ നോക്കുമ്പോൾ ഒരുവൻ മുറിവേൽപ്പിക്കുന്ന മുള്ളുകളും മറ്റൊരുവൻ സൗന്ദര്യംതുളുമ്പുന്ന റോസാപുഷ്പവും കണ്ടെത്തുന്നത്. ചൈനയിലെ അഹങ്കാരത്തിന്റെ ലബോറട്ടറിയിൽ മനുഷ്യൻ നട്ടുപിടിപ്പിച്ച കോവിഡ് എന്ന റോസാചെടിയുടെ ശിഖി രങ്ങൾ മനുഷ്യനിർമ്മിത രാജ്യാതിർത്തികൾ ഭേദിച്ച് ലോകമെങ്ങും പടർന്നിരിക്കുന്നു. കോവിഡെന്ന റോസാച്ചെടിയിലെ കൊറോണ മുള്ളുകൾ ഇതിനകം ഒരു കോടി ഇരുപത് ലക്ഷത്തിലധികം പേരെ കുത്തിനോവിക്കുകയും, അഞ്ച് ലക്ഷത്തി അൻപതിനായിര ത്തിലധികം ആളുകളിൽ മരണത്തിന്റെ നീലഞരമ്പുകൾ തെളിയി ക്കുകയും, ആഗോളസാമ്പത്തിക ഭദ്രതയുടെ മണിച്ചിത്രതാഴുകൾ

തകർക്കുകയും ചെയ്തുകൊണ്ട് തന്റെ സംഹാരതാണ്ഡവം തുടരുന്നു. കോവിഡെന്ന റോസാചെടിയിലെ കൊറോണാമുള്ളുകൾക്കിടയിൽ വിരിഞ്ഞ ചില നന്മകളുടെ റോസാപുഷ്പങ്ങൾ കാണാൻകൂടി നാം മിഴിതുറക്കേണ്ടിയിരിക്കുന്നു.

കുടുംബം ഗാർഹികസഭയാണ് എന്ന രണ്ടാംവത്തിക്കാൻ കൗൺസലിന്റെ (Lumen Gentium) പ്രഖ്യാപനം മാംസംധരിച്ചത് ഈ കൊറോണാക്കാലത്താണ്. അടയ്ക്കപ്പെട്ട ദേവാലയങ്ങൾ തുറന്നുകിടക്കുന്ന ഭവനമാകുന്ന ദേവാലയത്തേക്കുറിച്ചുള്ള അവബോധമൊരുക്കുകയും മാതാപിതാക്കളും മക്കളും ഒരുമിച്ചുകൂടി രണ്ടോ മൂന്നോപേർ ഒരുമിച്ചുകൂടുമ്പോൾ ഞാൻ അവരോടുകൂടെയുണ്ടാകും (മത്തായി 18:20) എന്നരുൾചെയ്ത ബലിയർപ്പകനും ബലിവസ്തുവുമായ ക്രിസ്തുവിനൊപ്പം വിശ്വാസത്തിന്റെ അൾത്താരയിൽ ജീവിതബലിയർപ്പിക്കുന്ന ശീലത്തിന് തറക്കല്ലിടുകയും ചെയ്തിരിക്കുന്നു. വിവരസാങ്കേതിക വിദ്യകൾ വിഹരിക്കാനൊരുങ്ങുന്ന വരുംകാല വിദ്യാഭ്യാസത്തിന്റെ മുന്നാസ്വാദനമൊരുക്കിക്കൊണ്ട് ക്ലാസ്മുറികളിൽ മാത്രം കരഞ്ഞിരുന്ന മിട്ടുപൂച്ചകൾ വിദ്യാർത്ഥികളെതേടി വീടിന്റെ ഉമ്മറപടി കടന്നുള്ളിലെത്തിയിരിക്കുന്നു. പന്നി ഹറാമായ മുസൽമാനും, സസ്യഭുക്കായ ബ്രാഹ്മണനും കമ്യൂണിറ്റി കിച്ചണിലെ ഒരേയടുപ്പിലൊരുങ്ങിയ ഭക്ഷണം ക്വാറന്റൈൻ സെന്ററിലിരുന്ന് ആഹരിച്ചപ്പോൾ അവരിൽ നിറഞ്ഞത് സഹോദരസ്നേഹവും വിസർജിക്കപ്പെട്ടത് മതഭ്രാന്തുകളുമാണ്.

മനുഷ്യജീവിതമാകുന്ന കൽഭരണികളിലെ ശൂന്യതകളിൽ (void) അവൻ പറയുന്നതുപോലെ ചെയ്ത് (യോഹന്നാൻ 2:5) സന്തോഷത്തിന്റെ പുതുവീഞ്ഞൊരുക്കേണ്ട പരിചാരകരായ ക്രിസ്തു അനുയായികൾ സ്വീകരിക്കേണ്ട മുൻകരുതലുകളേക്കുറിച്ചുകൂടി ഈ കോവിഡ് കാലം ഓർമ്മിപ്പിക്കുന്നുണ്ട്. കോവിഡ്(cvoid) രൂപപ്പെടുത്തിയ ഈ വോയിഡ്(void) റാപ്പിഡ്(rapid) ആയി അവോയിഡ് (avoid) ചെയ്യാൻ ദാവീദ്(David), കോവിഡിനേക്കാൾ ഭീമാകാരനായിരുന്ന ഗോലിയാത്തിനെ നിലംപൊത്തിക്കാൻ കരങ്ങളിലെടുത്ത സഞ്ചി ഭൗതീകയുടെ മണ്ണുമൂടികിടക്കുന്ന ആത്മീയതയുടെ ആഴങ്ങളിൽ നിന്നും ഖനനം ചെയ്തെടുക്കേണ്ടിയിരിക്കുന്നു. കുറവുകളെ(void) നിറവുകളാക്കാനിറങ്ങുമ്പോൾ ആ സഞ്ചിയിൽ ഏതാനും പ്രതിരോധവസ്തുക്കളുമുൾപ്പെടുത്തേണ്ടിയിരിക്കുന്നു. യാത്രയിൽ പറ്റി

പ്പിടിക്കാവുന്ന പാപത്തിന്റെ വൈറസുകളെ ഉന്മൂലനം ചെയ്യാൻ കഴിയുന്ന അനുതാപത്തിന്റെ സാനിറ്റൈസറും, സഹോദരങ്ങളെ അണുബാധിതരാക്കാനും ക്വാറന്റൈനിലാക്കാനും മരണത്തിനേൽപ്പിച്ചുകൊടുക്കാനും കഴിയുന്ന കൊറോണയേക്കാൾ കൊടുംഭീകരനായ വാക്കുകൾ നമ്മുടെ വായിൽ നിന്നും പുറത്തേക്കു ഗമിക്കാതെ തടഞ്ഞുനിർത്താൻ കരുത്തുള്ള സംയമനത്തിന്റെ മാസ്ക്കുമൊക്കെ അവയിൽ ചിലതാണ്. അണുബാധിതമായ സമൂഹത്തിൽ നിന്നും രോഗബാധിതനാകാതിരിക്കാൻ ശുശ്രൂഷകളുടെ പ്രഭാതങ്ങൾ പ്രദോഷത്തിനു വഴിമാറുമ്പോൾ കരങ്ങളിൽ വിശ്വാസത്തിന്റെ കവണയുമായി ക്രിസ്തുവിനെപ്പോലെ പ്രാർത്ഥനയുടെ ഒരു കല്ലേറുദൂരത്തേക്ക് (Social Distancing) മാറിയിരിക്കാൻ കൂടി ക്രിസ്തുശിഷ്യനെന്ന പരിചാരകൻ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. സഞ്ചിയിൽ പ്രധിരോധ ഉപകരണങ്ങളും കരങ്ങളിൽ വിശ്വാസത്തിന്റെ കവണയുമായി, നമുക്ക് മുന്നിൽ ഗോലിയാത്തിനേപ്പോലെ ഉയർന്നുനിൽക്കുന്ന ഭീമാകാരനായ കൊറോണയെ എറിഞ്ഞുവീഴ്ത്താൻ ശുശ്രൂഷാരംഗങ്ങളിലേക്ക് ദാവീദ് എന്ന യോദ്ധാവിനെപ്പോലെ ഇറങ്ങാം... ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണല്ലോ (ഫിലിപ്പിയൻസ് 1:21)...മറ്റൊരു മിശിഹായാകേണ്ടവൻ മിശിഹാ മരിച്ചുവീണ മറിയത്തിന്റെ മടിയിലേക്ക് മരിച്ചുവീഴുമ്പോളതിന്റെ പേര് പിയത്താ - മനുഷ്യരക്ഷയ്ക്കായി മാതാവിന്റെ മടിയിലേക്ക് മരിച്ചുവീഴേണ്ടവർ ക്രിസ്തുശിഷ്യർ.

സങ്കടങ്ങളിൽ തകർന്നുപോകാതിരിക്കാനും സന്തോഷങ്ങളിൽ മതിമറക്കാതിരിക്കാനും സഹായിക്കുന്ന ഒരു വാചകം പറയാനാവശ്യപ്പെട്ട അക്ബർ ചക്രവർത്തിയോട് ബീർബൽ പറഞ്ഞ വാചകം “ഇതും കടന്നുപോകും” എന്നതാണ്. ചരിത്രത്തിനുള്ളിലെ ചരിത്രം പറയുന്നതും ദൈവത്തിന്റെ സ്വന്തം നാട് നമ്മളെയിന്നോർമ്മിപ്പിക്കുന്നതും “ഇതും കടന്നുപോകും” എന്ന ശുഭവാചകമാണ്. Ode to the West Wind എന്ന കവിതയിൽ ആംഗലേയ സാഹിത്യത്തിലെ കാല്പനിക കവി ഷെല്ലി കുറിച്ചിട്ട വരികൾ നമ്മുടെ മനസ്സിൽ ശുഭപ്രതീക്ഷകളുടെ ചിറകുവിടർത്തിപ്പറക്കട്ടെ - If Winter comes, can Spring be far behind?...

◆

# അതിജീവനത്തിന്റെ പൗരോഹിത്യവിചാരങ്ങൾ

**ഫാ. ജോബി എടത്താഴെ CST**

അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ ഗതിവിഗതികളെ കോവിഡ് 19 എന്ന വൈറസ് നിയന്ത്രിക്കുവാൻ തുടങ്ങിയിട്ട് മാസങ്ങൾ ഏറെയായി. മനുഷ്യമനസ്സിൽ ആകുലത യുടെ അലയാളികൾ തീർത്തുകൊണ്ട് ഈ പകർച്ചവ്യാധി മുന്നേറു മ്പോൾ സാധാരണ മനുഷ്യനിൽ ഉയരുന്ന ചില ചോദ്യങ്ങളുണ്ട്. ഇനി എങ്ങനെ ഏതുവഴിയ്ക്ക് അതിജീവനത്തിന്റെ വഴികൾ തെ ളിക്കാം എന്ന്. ഇതിനിടയിൽ പാരമ്പര്യങ്ങളായി നിഷ്ഠയോടെ നടത്തിയ ആചാരാനുഷ്ഠാനങ്ങൾ, പ്രാർത്ഥനാരീതികൾ, ഭക്താ നുഷ്ഠാനപ്രകരണങ്ങൾ എല്ലാം ഈ മഹാമാരിയാൽ പരിമിതപ്പെ ട്ടു എന്നതാണ് സത്യം. ഈ പ്രതിസന്ധികളിൽ, കാലഘട്ടത്തെ നേർ വഴിക്ക് നയിക്കാൻ നിയുക്തരായിരിക്കുന്ന പുരോഹിതന്മാരും എങ്ങ നെ നന്മയുടെ രൂപം പ്രാപിക്കണം എന്നത് തികച്ചും ചിന്തനീയം തന്നെ.

ബലിവേദിയിൽ മുഴങ്ങിക്കേട്ട പൗരോഹിത്യാചാരങ്ങളിൽ ഒന്നാണ് - "ബലിയാകാനും ബലിയേകാനും" എന്നത്. 2020 മാർച്ച് 24-ാം തീയതി ഇറ്റാലിയൻ വൈദികനായ ബഹുമാനപ്പെട്ട ഡോൺ ഇസേപ്പെ ബെരാൻഡലി താൻ ജീവവായു ശ്വസിച്ചുകൊണ്ടിരിക്കു ന്ന വെന്റിലേറ്റർ മറ്റൊരു വ്യക്തിയുടെ ജീവൻ കാക്കാനായി നൽ കി ധീരോചിതമായ മരണത്തിന് വിധേയനായത്, കോവിഡ് കാല ത്ത് തളർന്നിരിക്കുന്ന പുരോഹതമനസ്സുകളെ ഉജ്ജ്വലിപ്പിച്ചിട്ടുണ്ട്. അജഗണത്തിന്റെ ദുരിതങ്ങളിൽ സഹായത്തിനെത്തിയ വൈദിക രുണ്ട്. സന്നദ്ധപ്രവർത്തങ്ങളിലൂടെ ജനങ്ങൾക്ക് സഹായമായവരുണ്ട്, തകർച്ചകൾക്കുമുമ്പിൽ വിറങ്ങലിച്ചുനിൽക്കുന്ന ദൈവജനത്തിനു വേണ്ടി, സഹനങ്ങളും ത്യാഗങ്ങളും ഏറ്റെടുത്ത് ബലിപീഠത്തിന രികെപോയിരുന്ന് നെഞ്ചുപൊട്ടി പ്രാർത്ഥിച്ചവരുണ്ട് - ദൈവമേ, കഴിയുമെങ്കിൽ ഈ വ്യാധികൾ മാറ്റിത്തരണമേ, എങ്കിലും ഞങ്ങളു ടെ ഹിതമല്ല, അങ്ങയുടെ ഹിതം നിറവേറട്ടെ എന്നു പ്രാർത്ഥിച്ചവർ. കോവിഡ് കാലത്ത് ലഭിച്ച സമയം നല്ല വായനയിലൂടെ, പ്രാർത്ഥ

നയിലൂടെ, ജീവിതവിചിന്തനങ്ങളിലൂടെ ചിലവഴിച്ചവരുണ്ട്; നാനാ ജാതി മതസ്ഥരായവരോട് ക്ഷേമാന്വേഷണങ്ങൾ നടത്തി അവർക്ക് വേണ്ടതെല്ലാം നൽകിയവരുണ്ട്; പകർച്ചവ്യാധിയുടെ മുൻപിൽ പകച്ചുനിൽക്കാതെ ജീവൻ പണയംവച്ച് രോഗിലേപനം എന്ന കൂദാശ പരികർമ്മം ചെയ്യാൻ പോയവരുണ്ട്. ഈ പുരോഹിതർ തെളിച്ച വെളിച്ചം മലമുകളിലുയർത്തപ്പെട്ട ദീപമായി, ക്രിസ്തുശിഷ്യരുടെ സജീവസാക്ഷ്യമായി നിലകൊള്ളുന്നു.

പാരമ്പര്യങ്ങളായി തുടർന്നുവന്ന ആചാരനാനുഷ്ഠാനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യവും മഹത്വവും നൽകിക്കൊണ്ട്, പുതിയ ഒരു കാലചക്രത്തെ അഭിമുഖീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പരമ്പരാഗത ശൈലികളെ പുനരാവിഷ്കരിക്കുന്നില്ലെങ്കിൽ സമകാലിക ലോകത്തെ തിരിച്ചറിയാൻ നാം പരാജയപ്പെടും. പലപ്പോഴും യാന്ത്രികമായി മാത്രം കടന്നുപോയിക്കൊണ്ടിരിക്കുന്ന ജീവിതത്തിന്റെ പുറംതോടുകൾ പൊട്ടിച്ച് പുറത്തിറങ്ങാൻ തയ്യാറാകുന്നവർക്കുമാത്രമേ, ആധുനികലോകത്ത് സനാതന മൂല്യങ്ങൾ ആർജ്ജിച്ചുകൊണ്ടും ജീവിതത്തിന്റെ അന്തസത്ത ഉയർത്തിപ്പിടിച്ചുകൊണ്ടും പിടിച്ചുനിൽക്കാൻ കഴിയൂ.

കോവിഡ് ലോക്ഡൗൺ കാലത്ത് സംസാരിച്ച ചില പുരോഹിത സുഹൃത്തുക്കളിൽ ചിലർ പങ്കുവച്ചത് ഇപ്രകാരമാണ് – ജനങ്ങളില്ലാതെ ബലിയർപ്പിച്ച് ഒരു തൃപ്തി കിട്ടുന്നില്ല, ആരെയും കാണാത്തതുകൊണ്ട് ഏകാന്തത തോന്നുന്നു. ഈ ഏകാന്തതയെ മറികടക്കാൻ മൊബൈൽ ഫോണിനെ ആശ്രയിക്കുന്നു. ഫോണിലുള്ള ഗെയിം കളിച്ച് സമയം നീക്കുന്നു. സത്യത്തിൽ ഈ ദുരവസ്ഥയ്ക്ക് കാരണം എന്താണ്? അർപ്പിക്കപ്പെടുന്ന ബലിയുടെ ആന്തരികതയെ ഉൾക്കൊള്ളാതെ, പ്രവർത്തനാധിഷ്ഠിതമായ ജീവിതശൈലികൾക്കു ചേർന്ന പൗരോഹിത്യത്തിന്റെ ദാർശനികത രൂപപ്പെട്ടു എന്നതാണ്. സമർപ്പിതനുചേർന്ന മൗനം, ആഴമേറിയ ആന്തരിക പ്രാർത്ഥന, ഹൃദയത്തെ ജ്വലിപ്പിക്കുന്ന തപസ്സ്, മനസ്സിനെ ജ്വലിപ്പിക്കുന്ന ആത്മീയ വായന, ആത്മാക്കളുടെ രക്ഷയ്ക്കായുള്ള പരിത്യാഗം, നിരന്തരമായ സത്യാന്വേഷണം, ആത്മാർത്ഥമായ ജീവിത വിചിന്തനം ലളിതമായ ജീവിതശൈലി, മനുഷ്യത്വം തുളുമ്പുന്ന പെരുമാറ്റം എന്നിവയെല്ലാം പൗരോഹിത്യജീവിതത്തിൽ അന്യംവന്നുപോയിരിക്കുന്നു. ആവശ്യമുള്ളതിന്റെ കുറവും ആവശ്യമില്ലാത്തതിന്റെ നിറവും ഈ ജീവിതത്തിൽ പ്രവേശിച്ചുകഴിഞ്ഞു.

പൗരോഹിത്യസത്തയ്ക്കാണോ, പൗരോഹിത്യധർമ്മത്തിനാണോ പ്രാധാന്യം എന്നതിനെ ആശ്രയിച്ചാണ് അതിജീവിനത്തിന്റെ പുനർവായന രൂപപ്പെടുന്നത്. Being that matters എന്ന തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നിന്നുമാത്രമേ, ആത്മീയ ചൈതന്യം തുളുമ്പുന്ന കൂടുതൽ മികവുറ്റ പുരോഹിതഗണം ജന്മമെടുക്കൂ. വ്യക്തിപരമായ ദൈവാനുഭവവും സംഘാതമായ അന്വേഷണവും വ്യക്തതയുള്ള ലക്ഷ്യബോധവും നഷ്ടപ്പെട്ടാൽ കോവിഡ് 19 നമ്മുടെ ജീവിതത്തെ തച്ചുടയ്ക്കും എന്ന് തീർച്ചയാണ്. വിവര സാങ്കേതികവിദ്യയുടെ തേരോട്ടത്തിൽ ജീവിതത്തിൽ മുറുകെപിടിക്കേണ്ട പലതും നമുക്ക് കൈമോശം വന്നു. ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതത്തിന് മാത്രമേ കോവിഡിന്റെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാനാകൂ. ആചാരാനുഷ്ഠാനങ്ങളിലും ജനക്കൂട്ടങ്ങളിലും സംതൃപ്തി കണ്ടെത്തുന്നവർക്ക് ഈ കാലഘട്ടം വിരസതയുടെയും അസ്വസ്ഥതയുടെയും കാലഘട്ടമായി അവശേഷിക്കുന്നു.

## പൗരോഹിത്യത്തിന്റെ നൂതനകാഴ്ചപ്പാടുകൾ

ഈശോ ഫരിസേയരോട് പറയുന്ന ഒരു കാര്യം ശ്രദ്ധേയമാണ്. *"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്."* (മത്തായി 9:13) അൾത്താരയിൽ കൂദാശയർപ്പണങ്ങൾ വേണ്ട എന്നല്ല ഇതിന്റെ അർത്ഥം. മാനവകുലത്തിന്റെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ മുഖം ആധുനികകാലഘട്ടത്തിൽ മനുഷ്യകുലത്തിന് കാണിച്ചുകൊടുക്കുവാൻ നിനക്കാവുന്നില്ലെങ്കിൽ അനുഷ്ഠാനങ്ങൾ നിന്നെ ആത്മരക്ഷയിലേക്കു നയിക്കുകയില്ല എന്ന് സാരം. ഒരു ഉദാഹരണത്തിലൂടെ അത് വ്യക്തമാക്കാം. മലയോര മേഖലയിലെ ഒരു സാധാരണ കുടുംബനാഥൻ വളരെ കഷ്ടപ്പെട്ടാണ് കുടുംബം പുലർത്തുന്നത്. കോവിഡിനെ തുടർന്ന് വന്ന ലോക്ഡൗൺ മൂന്നുമാസം പിന്നിട്ടിട്ടും വികാരിയച്ചൻ ഈ കുടുംബത്തിന്റെ കാര്യം അന്വേഷിച്ചതേയില്ല. അജഗണത്തിന്റെ വീട്ടിലെ കാര്യം അന്വേഷിക്കാൻ നിയമത്തിൽ പറഞ്ഞിട്ടുണ്ടോ എന്നതല്ല, ആ വേദനകൾ കാണാൻ നിന്റെ കണ്ണുകൾക്ക് സാധിച്ചോ എന്നതാണ് ചോദ്യം. എല്ലാം ലഭിക്കാനോ സ്വന്തമാക്കാനോ അല്ല, ഇടയന്റെ കരുതലും പരിഗണനയും ആ സുമനസ്സുകളുടെ ജീവിതത്തിന് കരുത്തുപകരും, ക്രിസ്തുവിനോട് അവരെ ചേർത്തുനിർത്തും എന്നതാണ് വസ്തുത.

പാവപ്പെട്ടവരെ സേവിക്കണം എന്ന ആപ്തവാക്യവുമായി മുന്നേറുന്ന സന്യാസ സഹോദരങ്ങൾ ഗ്രാമങ്ങളിലുള്ള പാവപ്പെട്ടവന്റെ കഷ്ടപ്പാടുകൾ കണ്ടില്ലെന്നുനടിച്ച്, സ്വത്തുസമ്പാദനത്തിനും സ്വയംപര്യാപ്തതയ്ക്കും തിടുക്കംകൂട്ടുകയാണെങ്കിൽ നമ്മുടെ കാഴ്ചപ്പാടുകളിൽ കോവിഡ് 19 ബാധിച്ചു എന്നു പറയേണ്ടിവരും. ചെയ്യേണ്ടത് പലതും ചെയ്യാതെ, ലോകത്തിന്റെ രീതികൾക്കൊത്ത് നീങ്ങുന്നതാണ് ഈ വൈരുദ്ധ്യങ്ങൾക്ക് കാരണം. എന്തെങ്കിലും ചെയ്തു എന്നു വരുത്തിത്തീർക്കാൻ വിതരണം ചെയ്യുന്ന ഭക്ഷണപ്പൊതികൾക്കോ, മരുന്നുകൾക്കോ, പണത്തിനോ, ആത്മാക്കളെ നേടാൻ ശക്തിയില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. എനിക്കു ചുറ്റുമുള്ളവർ സഹിക്കുമ്പോൾ, അവനോട് എനിക്ക് തോന്നുന്ന, തോന്നേണ്ട അനുകമ്പ, ഫോട്ടോ എടുക്കുമ്പോൾ മുഖത്ത് പ്രകടിപ്പിക്കുന്ന കേവലം വൈകാരികതയേക്കാൾ ഹൃദയാന്തരാളത്തിന്റെ വിങ്ങലായി മാറണം; ക്രിസ്തുസ്നേഹം അതിലേയ്ക്കെന്നെ നിർബന്ധിക്കണം.

കോവിഡ് കാലത്ത് ക്രിസ്തുശിഷ്യന്റെ ജീവിതം ക്രമീകരിക്കപ്പെടുന്നത് ഓരോരോവ്യക്തിയും എടുക്കുന്ന നിലപാടുകൾക്കനുസരിച്ചാണ്. ഒന്നും ചെയ്യാനില്ല എന്നു ചിന്തിക്കുന്നവന്റെ ജീവിതം അലസതയിലും അസ്വസ്ഥതയിലും അതൃപ്തിയിലും അവസാനിക്കും. എന്നാൽ കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ച്, അർത്ഥവത്തായി ജീവിതത്തെ സമീപിക്കുന്നവനുമുമ്പിൽ സാദ്ധ്യതകളുടെ അനന്തസാഗരങ്ങൾ തുറക്കപ്പെടും. സർഗ്ഗാത്മകതയും ക്രിയേറ്റിവിറ്റിയും ചിന്തയും കൂടുതൽ മികവുറ്റ പ്രവർത്തനങ്ങളിലേക്ക് നമ്മെകൂട്ടിക്കൊണ്ടുപോകും. ആത്മാർത്ഥതയും ആർജ്ജവവും ദൈവഭയവും എളിമയും ഉള്ള വൈദികനെ സമൂഹം ആദരിക്കും. ആന്തരികതയുടെ തെളിമയിൽനിന്നുവേണം സാമൂഹികസേവന പ്രവർത്തനങ്ങളിലേക്കും തൽഫലമായി രൂപപ്പെടുന്ന ദൈവരാജ്യനിർമ്മിതിയിലേക്കും ഇറങ്ങിത്തിരിക്കാൻ. ഗാന്ധിജിയുടെ വാക്കുകളിൽ പറഞ്ഞാൽ ഔന്നത്യമുള്ള കാര്യങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിക്കാൻ കഴിയണമെങ്കിൽ അകം പ്രകാശിക്കണം. ഉണ്മയെ തിരിച്ചറിയണം. ഈ തെളിച്ചം ഉള്ളിൽ പേറാത്തവർ കരിന്തിരി കത്തുന്നതുപോലെ കത്തിക്കരിഞ്ഞുപോകും.

കാലഘട്ടത്തിന്റെ നീരാളിപിടുത്തത്തിൽ നമ്മുടെ ജീവിതങ്ങളെ വിട്ടുകൊടുക്കാതിരിക്കാൻ നിരന്തരം ജാഗ്രത കൂടിയേ തീരൂ. കൂടെയുള്ളവനെവച്ച് താരതമ്യം ചെയ്യാനോ, മറ്റു സഭയിലുള്ള വൈദികരെ വച്ച് നാം മെച്ചപ്പെട്ടവരാണ് എന്ന് തെളിയിക്കലോ അല്ല നമ്മുടെ ധർമ്മം. മറിച്ച്, ദൈവപിതാവ് വ്യക്തിപരമായും സമൂഹപരമായും, ഏൽപിച്ച ഉത്തരവാദിത്വങ്ങളും നിയോഗങ്ങളും പൂർത്തീകരിച്ച് ദൈവത്തിന്റെ കരുണയുടെ മുഖമാവുക. ദിവ്യകാരുണ്യത്തിന്റെ മുൻപിലിരുന്ന് ലോകം മുഴുവനുവേണ്ടി പ്രാർത്ഥിക്കുവാൻ നിനക്ക് മനസ്സുണ്ടോ? കഷ്ടതയിലൂടെ കടന്നുപോകുന്ന ജനത്തിന്റെ കണ്ണീരൊപ്പാൻ നിന്റെ കരങ്ങൾക്കാകുമോ? ദരിദ്രന്റെ ചോർന്നൊലിക്കുന്ന ഓലപ്പുരയിലേക്കുപോകുവാൻ നിന്റെ കാലുകൾക്ക് ശക്തിയുണ്ടോ? വിങ്ങിപ്പൊട്ടുന്നവന്റെ സങ്കടങ്ങൾ കാണുവാൻ നിന്റെ കണ്ണുകൾക്ക് കാഴ്ചയുണ്ടോ? നിരാശയുടെ നീർക്കയത്തിൽ നിന്നും രക്ഷയ്ക്കായ് നിലവിളിക്കന്നവന്റെ സ്വരം കേൾക്കാൻ നിന്റെ കാതിന് കേൾവിയുണ്ടോ? ചങ്കുപൊട്ടിതകർന്നവനെ നെഞ്ചോട് ചേർത്തുപിടിക്കുവാൻ, പുരോഹിതാ നിന്റെ ഹൃദയത്തിന് തുറവിയുണ്ടോ? എങ്കിൽ മാത്രമേ പൗരോഹിത്യജന്മങ്ങൾക്ക് അതിജീവിത്തിന്റെ നാൾവഴികളിൽ എവിടെയെങ്കിലും ഇടംലഭിക്കൂ. അല്ലെങ്കിൽ അനുഷ്ഠാനകേന്ദ്രീകൃതമായ ജീവിതങ്ങളായി നാം അവശേഷിക്കും. സ്വന്തം സുഖങ്ങളിൽ സംതൃപ്തികണ്ടെത്തുന്ന, സ്വന്തം ഹിതം ദൈവഹിതമായി ചിത്രീകരിക്കുന്ന ആരും ഉപകാരമില്ലാത്ത, ലവണമില്ലാത്ത, ഉപ്പുകണമായ് മാറും. അതിനെ മറികടക്കാൻ ചില എളുപ്പവഴികൾ കുറിക്കുന്നു.

- ❖ ഒരുക്കത്തോടും ശ്രദ്ധയോടുംകൂടെ നടത്തുന്ന ദിവ്യബലിയർപ്പണം.
- ❖ ദിവ്യകാരുണ്യ ആരാധന, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയിലുള്ള സജീവ ഭാഗഭാഗിത്വം.
- ❖ അനുദിന വചനവായന, ആത്മീയപാരായണം എന്നിവയിലുള്ള ശ്രദ്ധ.
- ❖ വ്യക്തിപരമായ പ്രാർത്ഥന, ധ്യാനം.
- ❖ പ്രതിസന്ധികൾക്കു പിന്നിലുള്ള ദൈവഹിതം അന്വേഷിക്കുക.

- സമൂഹാംഗങ്ങളുമായുള്ള ആഴമേറിയ ബന്ധം.
- ചുറ്റുപാടുമുള്ള ജനങ്ങളുടെ കാഴ്ചപ്പാടുകൾ തിരിച്ചറിയുക. സഹായിക്കാൻ പറ്റുന്നരീതിയിൽ സഹായിക്കുക.
- അനുഷ്ഠാനങ്ങളെക്കാളുപരി ആന്തരികതയിൽ ശക്തിപ്പെട്ട ഒരു ജീവിതം നയിക്കുക. ജനങ്ങളെ അതിനായി ഒരുക്കുക.
- രോഗികളായി കഴിയുന്നവരേയും പ്രായമായവരേയും പരിഗണിക്കുന്നതിന്റെ ഭാഗമായി, ഫോണിലൂടെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുക.
- സോഷ്യൽ മീഡിയയുടെ സഹായത്താൽ ആത്മീയവളർച്ചയ്ക്ക് ഉതകുന്നവ ക്രമീകരിച്ച് ജനങ്ങൾക്ക് നൽകുക.
- നല്ല പുസ്തകങ്ങൾ, കൃതികൾ വായിച്ച് സമയം പ്രയോജനപ്പെടുത്തുക.
- അലസമായി സമയം പാഴാക്കാതിരിക്കുക, അതിനായി വ്യക്തിപരമായ ചില ക്രമീകരണങ്ങൾ ഉണ്ടാക്കുക.
- മിതത്വത്തിന്റെയും ലാളിത്യത്തിന്റേയും ജീവിതം നയിക്കുക.
- Mobile Phone ന്റെ അമിതമായ ഉപയോഗം ഉപേക്ഷിക്കുക. മിനിറ്റുകൾ ഇടവിട്ടുള്ള വാട്സ് ആപ്പ് ഫേസ്ബുക്ക് സന്ദർശനങ്ങൾ ഒഴിവാക്കുക. (ഇന്ന് അനേകംപേരുടെ നല്ല സമയങ്ങൾ ഇതിനായി പാഴാക്കിക്കളയുന്നു).
- ജനങ്ങളുടെ സഹായത്തോടെ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുക.
- പ്രകൃതിയോടിണങ്ങിയ ജീവിതശൈലി രൂപപ്പെടുത്തുക.
- കൃഷിചെയ്യാനുള്ള സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്തുക; മറ്റുള്ളവരെ അതിലേക്ക് പ്രോത്സാഹിപ്പിക്കുക.
- അതിജീവനത്തിന്റെ നൂതന ജീവിതശൈലി സ്വീകരിക്കുക.

*(ബാക്കി ഭാഗം പേജ് 120 ൽ തുടരുന്നു.)*

# കൊറോണ വസന്തം!

ഫാ. ജോജോ വരകുകാലായിൽ സി.എസ്.റ്റി.

കൊറോണ വസന്തം, വസന്ത തൻ വസന്തം
ഭീതിയേതുമില്ലാതെ ഭൂവിതിൽ
ദേശ, ഭാഷ, ജാതി, മത ഭേദമെന്യേ
പടരുന്നൂ, കൊറോണ വസന്തം!
വസന്തയുടെ വസന്തം - കൊറോണ
മരണം പൂക്കുന്ന വസന്തകാലം.

ശ്രേഷ്ഠനാം മനുഷ്യനെത്തേടി
കുടിപ്പകയുടെ കാത്തിരിപ്പില്ലാതെ
അയിത്ത വിദ്വേഷമേതുമില്ലാതെ
പണ്ഡിത, പാമര, സമ്പന്ന, ദരിദ്രർ
വേർതിരിവില്ലാതെ, വകതിരിവില്ലാതെ,
പടരുന്നൂ, കൊറോണ വസന്തം.

ഇന്നലെകളിൽ കണ്ടുമുട്ടിയവർ
ഇന്ന് തങ്ങളുടെ ഇടങ്ങളിൽ
സ്വസുരക്ഷ ഉറപ്പിക്കുന്നു.
ആരുമില്ലാതെ, ആരോരുമില്ലാതെ,
സ്വയം പരിരക്ഷിക്കുമ്പോൾ,
ആരെ ആരിൽനിന്നും രക്ഷിക്കപ്പെടുന്നു.

ഇന്നലെ കണ്ടുമുട്ടിയ മുഖങ്ങൾ
ഇന്നിവിടെ ഇല്ലാതാകുമ്പോൾ
ഇനി ഏതു കാലത്ത് ഏത് വസന്തം കാത്തിരിക്കും?
കൂടിക്കാഴ്ചകൾ നഷ്ടപ്പെട്ട
ജീവിതവിസ്മയം നഷ്ടപ്പെട്ട കാഴ്ചകളാകുന്നു!

മരണം മണക്കുന്നു, അവ താനേ പടരുന്നു,
മരണം രുചിക്കുന്നു, രുചിയേതുമില്ലാതെ
കൂടെയുള്ളവർ അന്യരായിത്തീരും അനന്തതയിൽ
പടരുന്നൂ, കൊറോണ വസന്തം!

# കൊറോണയും മതാത്മകതയുടെ ആപേക്ഷികതയും

**ഫാ. റെന്നി പരുത്തിക്കാട്ടിൽ സി.എസ്.റ്റി.**

'ഒരു ഭൂതം ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്നു' എന്ന വാചകത്തോടെയാണ് 1848-ൽ പ്രസിദ്ധീകൃതമായ കാൾ മാർക്സിന്റെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആരംഭിക്കുന്നത്. ചൈനയിൽ നിന്ന് ആരംഭിച്ച് ലോകത്തെയാകെ ഗ്രസിച്ച കൊറോണ വൈറസ് എന്ന ഭൂതത്തെ തുടർന്ന് ലോകം ഒരു ലോക്ഡൗണിലാണിപ്പോൾ. പണക്കാരനെന്നോ പാവപ്പെട്ടവ നെന്നോ വ്യത്യാസമില്ലാതെ. പണ്ഡിതനെന്നോ പാമരനെന്നോ ഭേദമില്ലാതെ, പ്രധാന മന്ത്രിയെന്നോ തെരുവിലുറങ്ങുന്ന വരെന്നോ ഭേദമില്ലാതെ എല്ലാവരും സ്വന്തം വാസസ്ഥലത്ത് ഏകാകികളായ അവസ്ഥ ലോകചരിത്രത്തിൽ ഒരുപക്ഷേ ആദ്യത്തേത്. ഇനി എന്നാണ് ലോകം പഴയതുപോലെ ചലിച്ചുതുടങ്ങുക എന്നോ ജീവിതം തടസ്സമില്ലാതെ ഒഴുകുക എന്നോ ആർക്കുമറിയില്ല. ഇതും കടന്നുപോകും എന്ന് മനസ്സിൽ പറയുമ്പോഴും ചിന്തനീയമായി ഒന്നുണ്ട്. കൊറോണയ്ക്കു ശേഷം ലോകം ഇതുപോലയൊക്കെയായിരിക്കുമോ? എന്തായാലും സമാനതകളില്ലാത്ത മാറ്റങ്ങൾക്കാണ് മനുഷ്യരാശിയുടെ സമസ്ത മേഖലകളിലും കൊറോണ വൈറസ് കാരണമായത്. മതാത്മകതയിലും സമാനതകളില്ലാത്ത മാറ്റങ്ങൾക്ക് കൊറോണ വ്യാപനം വഴിതെളിച്ചു. ക്രിസ്തുമതം അടക്കം വലിയ വ്യവസ്ഥാപിത മതങ്ങളുടെ സംഘടിത ഘടനയ്ക്ക് അത്യന്താപേക്ഷിതമായ ആചാരാനുഷ്ഠാനങ്ങൾ ഇരുമ്പുലക്കയല്ല എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും വൈറസിന് കഴിഞ്ഞു. ആചാരാനുഷ്ഠാനങ്ങൾ പരിണാമത്തിന് വിധേയമാണ്. കാരണം അവ മനുഷ്യൻ വികസിപ്പിച്ചെടുത്തവ യാണ്. കാലോചിതമായ പരിഷ്കാരം ഇവയിൽ വരുത്തുവാൻ വിമുഖത കാണിച്ചവരുൾപ്പെടെ ഏവർക്കും ഒറ്റരാത്രികൊണ്ട് തങ്ങളുടെ പതിവുകൾ ഉപേക്ഷിക്കേണ്ടി വന്നു. സംഘടിതമായ ആരാധനയുടേയും അനുഷ്ഠാനങ്ങളുടേയും ദൈവശാസ്ത്രം

മാറുന്നത് ക്രിസ്തുമതത്തിന്റെ ആത്മാവായ ആദ്ധ്യാത്മികതയ്ക്ക് മുമ്പോട്ട് വരുവാൻ ഗുണകരമാണ്.

വാസ്തവാനന്തര കാലത്തിന്റെ *(Post truth)* പ്രത്യേകതയായി ചൂണ്ടികാണിക്കപ്പെട്ടത് മതത്വരാസം ആണ്. പക്ഷേ ബ്രിട്ടീഷ് പണ്ഡിതനായ *Raxen Armstrong* തന്റെ *History of God* ൽ നിരീക്ഷിക്കുന്നതുപോലെ 'മതാത്മകതയുടെ ഒരു വിസ്ഫോടനത്തിനാണ് *(an explosion of religiosity)* നാം ഇന്ന് സാക്ഷ്യം വഹിക്കുന്നത്. എന്നത്തേക്കാൾ ഏറെ മതം അതിന്റെ വേരുകൾ മനുഷ്യജീവിതത്തിൽ ആഴ്ത്തുകയും മതതീവ്രത യിലേക്ക് ഒരു നീക്കം നടക്കുകയും ചെയ്യുന്നുണ്ട്.

മതാത്മകതയുടെ വിസ്ഫോടനം ക്രൈസ്തവമതത്തിൽ അനുഷ്ഠാനങ്ങളുടെ വർദ്ധനവിൽ ആണ് പ്രകടമാകുന്നത്. കൂടുതൽ നോവേനകൾ, ഊട്ടുനേർച്ചകൾ കൂടുതൽ കൺവെൻഷനുകൾ, ബൈബിൾ പാരായണങ്ങൾ അങ്ങനെ യൊക്കെ. ഇതിലുള്ള ഒരപകടം ഇതെല്ലാം മനുഷ്യനെ മതവുമായി കൂട്ടികെട്ടാൻ എളുപ്പമാണ് എന്നുള്ളതും ആത്മീയത പ്രാർത്ഥനകളിലും അനുഷ്ഠാനങ്ങളിലും മാത്രം ചുരുങ്ങിപ്പോകുന്നു എന്നുള്ളതും ആണ്. അനുഷ്ഠാനങ്ങളും മതാത്മകതയും ആത്മീയതയിലേയ്ക്ക് മനുഷ്യനെ നയിക്കുവാൻ പര്യാപ്തമാണ്. അതുകൊണ്ട്തന്നെ അവയെ വ്യത്യസ്ത ധ്രുവങ്ങളിൽ പ്രതിഷ്ഠിക്കുന്നത് അപകടമാണ്. എന്നിരിക്കിലും ബാക്കിയാവുന്ന ചോദ്യം ഇതാണ്. അനുഷ്ഠാനങ്ങൾ നിർബന്ധമായും ആത്മീയതയിലേയ്ക്ക് നയിക്കണം എന്നുണ്ടോ? നിർബന്ധമായും ഇല്ല എന്നതാണർത്ഥം.

അനുഷ്ഠാനങ്ങളുടെ പെറ്റുപെരുകലിൽ ആത്മീയത നിരാകരിക്കപ്പെടുകയാണ് ഉണ്ടായത്. കൊറോണ വൈറസിനെ തുടർന്നുള്ള ലോക്ഡൗൺ മതാത്മകതയുടേയും ആചാരാനുഷ്ഠാനങ്ങളുടേയും ആപേക്ഷികതയെപ്പറ്റി മാനവരാശിയെ ബോധ്യപ്പെടുത്തി. ഈ ബോധ്യപ്പെടൽ തീർച്ചയായും കൊറോണയ്ക്കുശേഷം സംശയമില്ല. ആത്മീയതയ്ക്ക് വളരുവാൻ വളക്കൂറുള്ള മണ്ണായി *post corona* കാലഘട്ടം മാറും.

◆

# നമ്മുടെ ദൈവം പുതുമയെ ഭയപ്പെടുന്നവനല്ല

ഫാ. എബിൻ ഓരത്തേൽ സി.എസ്.റ്റി.

കോവിഡാനന്തര ജീവിതത്തെ മറന്ന് കോവിഡിനോടൊപ്പം ജീവിക്കുന്നതിന്റെ ആകുലതയും സങ്കടവും എല്ലാവരിലും ഇന്ന് നിറഞ്ഞുനിൽപ്പുണ്ട്. ഇതുപോലുള്ള അവസ്ഥയ്ക്ക് ലോകം മുഴുവൻ ഇതിനുമുമ്പ് ഒരിക്കലും സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടില്ലായെന്നത് നിസ്സംശയമാണ്. രോഗം പടർന്നു പിടിക്കുന്നതിനേക്കാൾ ആകുലത ഈ സാഹചര്യം നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന പുതിയ ജീവിതശൈലിയെ സ്വീകരിക്കുവാനുള്ള വിമുഖതയാണ്. വ്യത്യസ്ത ജീവിതശൈലി എല്ലാ മേഖലകളിലും നടന്നേ മതിയാകൂ. മാസ്ക് ധരിക്കൽ, സാനിറ്ററൈസിന്റെ ഉപയോഗം, ഓൺലൈൻ വിദ്യാഭ്യാസം, വെർച്ചൽ ക്യൂ, വീടുകളിൽ ആയിരുന്നുള്ള ജോലി തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഇപ്രകാരം ആത്മീയ ജീവിതത്തിൽ ഉയർത്തപ്പെടുന്ന ചില ആശങ്കകളാണ് ഈ കുറിപ്പിന് ആധാരം. ക്രൈസ്തവരെ സംബന്ധിച്ച് കോവിഡിന് മുമ്പു വരെ ഓൺലൈൻ കുർബാനകൾ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തിയിരുന്നെങ്കിൽ ഇന്ന് അതിനെ പ്രോത്സാഹിപ്പിക്കേണ്ടി വരുന്നു, ദേവാലയങ്ങൾ തുറക്കാൻ പറ്റാത്ത സാഹചര്യം, കൂദാശകൾ ലളിതമായി ആഘോഷിക്കപ്പെടേണ്ട ആവശ്യം, സാമ്പത്തികകുറവ്, ഓൺലൈൻ മതബോധനം ഇവയൊക്കെ സ്വീകരിക്കാൻ നാം നിർബന്ധിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ഒരു ആത്മീയ പ്രതിസന്ധിയുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു: “നമ്മുടെ ദൈവം പുതുമയെ ഭയക്കുന്ന ദൈവമല്ല.” ഈ വാക്യത്തിന്റെ ദൈവശാസ്ത്രം ഇപ്പോഴത്തെ ആത്മീയ പ്രതിസന്ധിക്ക് ഒരു ദിശാബോധം നൽകുന്നുണ്ട്. പുതുമയെ നെഞ്ചോട് ചേർത്ത് ജീവിക്കുന്ന പാരമ്പര്യമാണ് ക്രൈസ്തവരുടേത്. വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യ താളുകളിൽ കാണുന്നത് ശൂന്യതയിൽനിന്ന് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിച്ച ദൈവത്തെയാണ്. യഹോവയെപ്പറ്റി കേട്ടുകേൾവി പോലുമില്ലാത്ത ഇസ്രായേൽജനം ഈജിപ്തിൽ കിടന്ന് പൊട്ടിക്കരഞ്ഞപ്പോൾ ദൈവജനമായി-പുതിയ ജനമായി തെരഞ്ഞെടുത്തു നമ്മുടെ ദൈവം.

തെരഞ്ഞെടുക്കപ്പെട്ട ഈ ജനത്തിന്റെ മുമ്പോട്ടുള്ള പാദങ്ങളുടെ വേഗതയായിരുന്നു അകലെയുള്ള തേനും പാലും ഒഴുകുന്ന പുതിയ കാനാൻ ദേശം. പുതിയ രാജാക്കന്മാരും പ്രവാചകന്മാരും തിരഞ്ഞെടുക്കപ്പെട്ടത് വഴി പഴയനിയമ ജനത പുതുമയുടെ സമൂഹമായി മാറിക്കൊണ്ടിരുന്നു.

ക്രിസ്തുവിന്റെ കാലത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകത്തെ നാം പുതിയ നിയമം എന്ന് വിളിച്ചു. കാരണം ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള ആഗമനം തന്നെ നമുക്ക് പുതുമയായി. ആ നസ്രായന്റെ ആയുസ്സ് 33 വയസ്സിൽ ഒതുങ്ങാൻ കാരണം പഴയ ജീവിത ശൈലികളിൽ നിന്ന് പുതുമയിലേക്ക് അവൻ ലോകത്തെ ക്ഷണിച്ചപ്പോൾ ഉൾക്കൊള്ളാനാവാത്ത ഭരണാധികാരികളുടെ പ്രകോപനമാണ്. അവന്റെ ഓരോ വാക്കിനും പ്രവൃത്തിക്കും പുതുമ ഉണ്ടായിരുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ, വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ ഇഗ്നേഷ്യസ് ലയോള, അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് ഇവരൊക്കെ ജീവിതത്തിൽ അല്പം താമസിച്ചാണ് ക്രിസ്തുവിനെ കണ്ടുമുട്ടിയതെങ്കിലും ആ പുതുമ അവരെ മറ്റാരെക്കാളും ആവേശഭരിതരാക്കി.

പുതുമയെ അംഗീകരിക്കൽ, പുതിയ കാര്യങ്ങൾ സ്വീകരിക്കൽ ഇവയൊക്കെ ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാനം ആണെന്ന് ഗ്രഹിക്കാൻ അല്പം ആത്മീയ ആഴം ആവശ്യമാണ്. സമൂഹത്തിന്റെ ഗതി അനുസരിച്ച് പോകുന്ന പുതുതലമുറ പുതിയ വഴികൾ വെട്ടാൻ മറന്നു തുടങ്ങിയിരിക്കുന്നു. തന്റെ അഭിരുചി മറന്ന് സമൂഹത്തിന്റെ ഒഴുക്കനുസരിച്ച് ജോലി തെരഞ്ഞെടുത്തതാണ് ഇന്നത്തെ തൊഴിലില്ലായ്മയുടെ ഒരു കാരണം. വീട്ടിൽ ആവശ്യത്തിന് സ്ഥലമുണ്ട്, ജീവിക്കാൻ വകയുണ്ട്. എന്നിട്ടും കൃഷിയിലേക്ക് ഇറങ്ങുന്നവരെ തളർത്തുന്ന മാതാപിതാക്കളും സുഹൃത്തുക്കളുമാണ് നമുക്ക് ചുറ്റും. അവർക്ക് വിവാഹം പോലും ഇന്ന് സ്വപ്നമായി മാറിക്കഴിഞ്ഞിരിക്കുന്നു.

പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചു ജീവിക്കുക എന്നത് ഒരു സുരക്ഷിതത്വം തേടലാണ്. എന്നാൽ ദൈവനന്മയും മനുഷ്യനന്മയും സംജാതമാകുന്നില്ലെങ്കിൽ അവിടെ പുതുമ സൃഷ്ടിക്കപ്പെടണം. ഈ പുതുമയെ ഉൾക്കൊള്ളലിന്റെ സഭാചരിത്രത്തിലെ ഏറ്റവും വലിയ സാക്ഷ്യമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ഇടുങ്ങിയ

ചിന്താഗതിയുമായി പോയിരുന്ന സഭയുടെ വാതായനങ്ങൾ തുറന്ന് വായുവും വെളിച്ചവും പ്രവേശിച്ചത് വഴി സഭ പുറമേയുള്ള എല്ലാത്തിനെയും ബഹുമാനിക്കാനും ആദരിക്കാനും പഠിച്ചു. ഈ നവീകരണം ലക്ഷ്യമിട്ടിരുന്നതിനാൽ കൗൺസിലിന്റെ അടിസ്ഥാനമായി ഉപയോഗിച്ച വാക്ക് aggiornamento (to update) എന്നായിരുന്നു. സെക്കുലർ തലത്തിലും സഭാതലത്തിലും പഴമയിൽ നിന്ന് മാറി പുതുമയെ ഒന്ന് പരീക്ഷിക്കാൻ പോലും അനുവദിക്കാത്തവർ നമുക്ക് ചുറ്റുമുണ്ട്.

ഇന്ന് കുടുംബങ്ങളും സന്യാസസമൂഹങ്ങളും നേരിടുന്ന പ്രതിസന്ധിയാണ് generation gap. പുതുതലമുറയുടെ ശൈലിയെ തങ്ങളുടെ പഴയ ജീവിതവുമായി താരതമ്യം ചെയ്തു പകച്ചു നിൽക്കുകയും അവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. പുതുതലമുറ പഴമക്കാരുടെ ജീവിതാനുഭവങ്ങളെ മുഖവിലയ്ക്കെടുക്കുന്നതിൽ അമ്പേ പരാജയപ്പെടുകയും ചെയ്യുന്നു. നമുക്ക് മുമ്പിൽ വന്നിരിക്കുന്ന ഒരു പ്രധാന വ്യത്യാസം സൂചിപ്പിക്കുന്നതിന് ഒരുദാഹരണം കുറിക്കട്ടെ. സെമിനാരി വിദ്യാർഥികൾക്ക് മൊബൈൽ നിഷിദ്ധമെന്ന് വാശിപിടിച്ചിരുന്ന സെമിനാരി സ്റ്റാഫ് ഇപ്പോൾ മൊബൈൽ മേടിക്കാനും zoom ആപ്പ് ഡൗൺലോഡ് ചെയ്യാനും വാട്ട്സ് ആപ്പ് ഉപയോഗിക്കാനും നിർബന്ധിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. പല പുതുമകളും പല നന്മകളെയും ഇല്ലാതാക്കുമോ എന്ന ഭയമാണ് നമ്മെ നിരുത്സാഹപ്പെടുത്തുന്നത്. മുൻതലമുറക്കാർ പറഞ്ഞു വെച്ചത് പോലെ "തുമ്മിയാൽ തെറിക്കുന്ന മൂക്ക് പോകട്ടെ" എന്ന ക്രിസ്തു ശൈലി നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

പുതുമ ദൈവികമാണെന്നുള്ള വെളിപാടാകട്ടെ ഈ കൊറോണയോടൊത്തുള്ള ജീവിതം. ഓരോ പ്രഭാതത്തിലും നിറയപ്പെടുന്ന പുതുമയാർന്ന ദൈവസ്നേഹം ഉൾക്കൊണ്ട് അത് മറ്റുള്ളവരിലേക്ക് പകരാൻ കഴിയട്ടെ. എന്റെ ജീവിത പാതകളിൽ പുതുമ സൃഷ്ടിക്കേണ്ട ഇടങ്ങളെ കണ്ടെത്താൻ കുടുംബങ്ങളിൽ, ജോലിസ്ഥലങ്ങളിൽ, സന്യാസ സമൂഹങ്ങളിൽ കഴിയട്ടെ. ഒപ്പം നമുക്കുചുറ്റും നടത്തപ്പെടുന്ന പുതുമകളെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ശുഭാപ്തിവിശ്വാസത്തോടെ സ്വീകരിക്കുവാനും വേണ്ട ആത്മീയ പക്വത പ്രാപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ◆

## OPPORTUNITIES FOR CONSECRATED PERSONS IN THE POST COVID 19

- Consecrated Life is ever relevant at all times as it is the expression of the meaning and ultimate purpose of life, as Jesus taught by His life and preaching- *“A grain of wheat remains no more than a single grain unless it is dropped into the ground and dies.”(John-12:24)* The Consecrated Life is aiming at this purpose of life – give life to others – *life in its fullness*.
- There is greater need of committed people who are able to sacrifice their lives for others because the priorities and focus of many people are on money, prestige, power, positions, materialistic life style and enjoyment for themselves. Majority of people has become very self-centred.
- The selfishness and lack of concern for others lead to exploitation, undue competition, discrimination and alienation of the other. The greater victims are the socially and economically poor people. Consecrated Persons can correct this trend and create another world of equality, justice and peace. A new social and economic order is very much needed.
- Consecrated Persons, through their life and witness, can draw the attention of all to this new world of equality, justice and peace. There is rampant violation of human rights, equity and justice against which the Consecrated Persons shall become the voice of the voiceless.
- In spite of the tall claims of the vested interest groups and political parties, India continues to be a poor country. The Government does not show much interest in the empowerment of the poor. We see everywhere the *withdrawing State* instead of a welfare State, privatizing and disposing the public institutions and services which could have been available and accessible to the citizens. The policies of the Government are more favourable to the big

corporate companies and multinationals. The gap between the poor and the rich is widening day-by-day. The *Matthew Effect "the rich become richer and the poor become poorer*" has become the trend of the time (Refer Mt-25:29). The Consecrated Persons should involve in changing this scenario. They should work to make the Government, the Companies and the entire system pro-poor in approaches, policies and practices and be accountable to the people.

- In the Church, all the structures and systems in the Church and all the Church members, particularly the Consecrated Persons, need a re-focusing and re-dedication to the core values of the Gospel of Jesus and radical discipleship.
- There is greater role for the Consecrated Persons as there are stronger human resources and expertise at their hand. They have better institutional and social back up to shoulder greater responsibilities.
- There are thousands of villages and millions of people in India who are waiting for their progress in life, development and liberation. Covid 19 has exposed the vulnerabilities of India and the need for focused interventions. The most affected sectors have been the daily wage earners, the small farmers, petty shop keepers, the foot-path vendors, the low income groups, the migrants, parents and their children of the remote areas – the list prolongs. They have lost their livelihood and are facing the dark days of displacement, acute poverty, loss and deprivation.
- This is also the time to make the Right-holders to claim their Rights and Duty-bearers to perform their Duties with more responsibility, accountability, transparency and better leadership skills.
- The Consecrated Life will have meaning and relevance in the post Covid 19 and beyond, if we hear the cries of the poor.

***Fr. Francis Kilivallickal CST***

◆

# കൊറോണ പഠിപ്പിക്കുന്ന പാഠങ്ങളിലൂടെ...

ബ്രദർ. ടിന്റോ കൊല്ലംപറമ്പിൽ സി.എസ്.റ്റി

ലോകമഹായുദ്ധങ്ങൾക്ക് ശേഷം ലോകം ഒത്തിരി മുമ്പോട്ട് പോയി എന്ന് നമുക്കറിയാം. പക്ഷേ ആ മുൻപോട്ടു പോകലിൽ തിന്മകളും ഒളിഞ്ഞുകിടപ്പുണ്ട്. പല മൂല്യങ്ങളും ചോർന്നു പോയതായിട്ട് നമുക്ക് കാണാം. സ്നേഹിക്കാൻ പഠിക്കേണ്ടവൻ വെറുക്കാൻ പഠിച്ചു. സഹായിക്കാൻ പഠിക്കേണ്ടവൻ ഉപദ്രവിക്കാൻ പഠിച്ചു. രക്ഷിക്കാൻ പഠിക്കേണ്ടവൻ ജീവനെടുക്കാൻ പഠിച്ചു. ലോകത്തുണ്ടായ ഈ മാറ്റം തിരുത്തി എഴുതാൻ കർത്താവ് തീരുമാനിച്ചതുകൊണ്ട് ആയിരിക്കണം കൊറോണ വൈറസ് ഈ ലോകത്തിൽ വരാൻ ഇടയായത്. ഈ ലോകത്തിൽ ഓരോ കാര്യങ്ങൾ നടക്കുമ്പോഴും അതിനൊരു അർത്ഥമുണ്ട്. ബൈബിളിൽ നാം കാണുന്നു. ദൈവം ഓരോ മഹാമാരികൾ ഇസ്രായേൽ ജനത്തിനു മുമ്പിൽ അയയ്ക്കുന്നത് ഓരോ കാര്യങ്ങൾ അവരെ പഠിപ്പിക്കാനാണ്. മഹാപ്രളയത്തിൽ അവരെ നന്മയുടെ മാർഗ്ഗം ദൈവം പഠിപ്പിച്ചു. ദാവീദിലൂടെ വിജയത്തിന്റെ കർത്താവിനെ പഠിപ്പിച്ചു. സോളമനിലൂടെ ഭവനം പണിയുന്ന പിതാവിനെയും. അതിനാൽ ഈ കൊറോണയും നമ്മെ ഒത്തിരി കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

### പാഠം 1 കുടുംബത്തിന് ഇമ്പം വന്നു

പണ്ടൊക്കെ നാം കേട്ടുമറന്ന ഒരു പഴമൊഴി ആണ് കൂടുമ്പോൾ ഇമ്പം ഉണ്ടാകുന്നതാണ് കുടുംബം എന്ന്. പക്ഷേ അതിന്റെ തെളിമ മാഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് കൊറോണയുടെ വരവ്. കൊറോണ കാലങ്ങൾ കുടുംബത്തിലുള്ളവരെ കൂട്ടിയിണക്കുവാൻ സഹായിച്ചു. നാളുകളായി സംഭാഷണം നടത്താതിരുന്ന ഭാര്യയും ഭർത്താവും മക്കളും ഒന്നിച്ചിരുന്ന് സംസാരിക്കാൻ തുടങ്ങി. അപ്പന്റെയും അമ്മയുടെയും സ്നേഹം അനുഭവിക്കാൻ കുട്ടികൾക്കും സാധിച്ചു. പണ്ടുകാലങ്ങളിൽ പറഞ്ഞു മറന്ന പഴങ്കഥകൾ പറയാൻ ആയിട്ട് മുത്തശിമാരും തുടങ്ങി...

### പാഠം 2 വീട്ടുവളപ്പിലെ കൃഷി

പണ്ട് കാലങ്ങളിലെ അമ്മച്ചിമാരുടേയും കുട്ടികളുടേയും ഒരു വിനോദമായിരുന്നു അടുക്കളയോട് ചേർന്ന് പച്ചക്കറികൾ നട്ടുപിടി

പ്പിക്കുന്നത്. ഇന്ന് അമ്മച്ചിമാർ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഇറങ്ങിയപ്പോഴേക്കും വീട്ടിവളപ്പിലെ കൃഷി ആകെ മറന്നുപോയിരിക്കുന്നു. പക്ഷേ ഈ ലോകത്ത് കൊറോണക്കാലങ്ങൾ വീണ്ടും നമ്മെ വീട്ടുവളപ്പിൽ ചെയ്തിരുന്ന കൃഷിയെക്കുറിച്ച് പറഞ്ഞുതന്നു. വീട്ടുവളപ്പിൽ ചക്കപ്പഴവും മാങ്ങാപ്പഴവും കുട്ടികൾക്ക് ഏറെ സ്വാദ് നൽകി. അതിനാൽ വീട്ടുവളപ്പിലെ കൃഷിക്ക് ഈ ലോക്ക്ഡൗൺ ഒരു കാരണമായി.

**പാഠം 3 സന്തോഷിക്കുന്ന പ്രകൃതി**

നമ്മൾ എപ്പോഴും പ്രകൃതി സന്തോഷിക്കുന്നത് കണ്ടിട്ടുണ്ടോ? എനിക്ക് തോന്നുന്നു ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് പ്രകൃതി പ്രവേശിക്കുമ്പോഴും ദുഃഖങ്ങൾ മാത്രമാണ് ലഭിച്ചത്. വാഹനപ്പെരുപ്പം, ശബ്ദമലിനീകരണം, ജലമലിനീകരണം, വായുമലിനീകരണം തുടങ്ങിയവ കൂടിയതോടെ പ്രകൃതി കരഞ്ഞിട്ടേയുള്ളു. എന്നാൽ ഈ ലോക്ഡൗൺ സമയത്ത് പ്രകൃതി സന്തോഷിച്ചു. മഴ ഇല്ലാതിരുന്ന പ്രദേശങ്ങളിൽ മഴയെത്തി. പുഴയും നദിയും അരുവികളും തെളിഞ്ഞ വെള്ളം കൊണ്ട് നിറഞ്ഞു. ഓസോൺ പാളികളിലെ വിള്ളൽ അടഞ്ഞു. അതിനാൽ പ്രകൃതി ഒത്തിരി സന്തോഷിച്ച ദിവസങ്ങളായിരുന്നു ഈ ലോക്ക്ഡൗൺ.

**പാഠം 4 കൊടുക്കലും വാങ്ങലും**

എന്റെ ലോകം എന്റെ ജീവിതം എന്ന് പറയുന്നവർ ആയിരുന്നു പല വ്യക്തികളും. ജോലി - വീട്, ജോലി - വീട് എന്നുപറഞ്ഞ അവർക്ക് ഈ ലോക്ക്ഡൗൺ ഒരു ആശ്വാസം ആണ് നൽകിയത്. അതൊരു സമരിയക്കാരൻ ആകുവാനുള്ള വിളിയായിരുന്നു. തന്റെ അടുത്ത് താമസിക്കുന്ന സുഹൃത്തിനെ അറിയുവാനും അവരുടെ ആവശ്യങ്ങൾ കണ്ടെത്തുവാനും സഹായിക്കുവാനും ഈ ലോക്ക് ഡൗൺ ഒരു പ്രേരകശക്തിയായി. ശരിക്കുപറഞ്ഞാൽ അകലുവാൻ അല്ല അകത്തുവാൻ അല്ല, അടുക്കുവാൻ ആണ് ഈ ലോക്ക്ഡൗൺ നമ്മെ പഠിപ്പിച്ചത്.

**പാഠം 5 ഞാനും എന്റെ ദൈവവും**

ദൈവം ഇല്ല എന്നുപറഞ്ഞു നടന്നവർക്ക് ഒരു പാഠമാണ് ഈ ലോക്ക്ഡൗൺ. നിന്റെ ബലഹീനതയിൽ ആണ് എന്റെ ശക്തി

പ്രകടമാകുന്നത് എന്ന് പൗലോസ്ലീഹാ പറഞ്ഞത് എത്രയോ ശരിയാണ്. ദൈവത്തിന്റെ വലിപ്പം മനസ്സിലാക്കുമ്പോഴാണ് നാമെത്ര ശൂന്യരാണ് എന്ന് തിരിച്ചറിവുണ്ടാകുന്നത്. തീർച്ചയായും മരിച്ചു പോയ കുടുംബ പ്രാർത്ഥനകൾ ഒക്കെ ഇതിനു ഉത്തരം നൽകി. ഒരുമിച്ചുള്ള പ്രാർത്ഥനകൾ ദൈവവുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിച്ചു. മക്കൾക്ക് തങ്ങളുടെ മാതാപിതാക്കളിലൂടെ ദൈവത്തെ കാണാൻ സാധിച്ചു. ഇതൊരു ഓർമ്മപ്പെടുത്തലാണ്. ഇതാണ് വഴി ഇതിലെ പോവുക...

ഇനിയും വളരെ കാര്യങ്ങൾ കൊറോണ നമ്മെ പഠിപ്പിക്കുന്നുണ്ട്. തോൽക്കുവാൻ അല്ലാ ജയിക്കുവാൻ ആണ് കൊറോണയും ആയുള്ള നമ്മുടെ യുദ്ധം. ജീവിതത്തിൽ പോസിറ്റീവായ കാര്യങ്ങൾ സ്വീകരിക്കാൻ നമുക്കൊരു മാസ്ക്ക് വേണം. ജീവിതത്തെ ശുദ്ധീകരിക്കാൻ സാനിറ്റൈസർ ഉപയോഗിക്കണം. ആത്മീയത വളരുമ്പോൾ നമ്മുടെ ജീവിതം ധൈര്യം ആകും. പിന്നെ ദുഃഖമോ സന്തോഷമോ ഉണ്ടാകില്ല, കാരണം നമ്മുടെ മനസ്സുകൾ കർത്താവിന്റെ സന്നിധിയിൽ ഉറച്ചിരിക്കുന്നു. അതിനാൽ കൊറോണ പോസിറ്റീവ് രീതിയിൽ എടുക്കാം. ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളോട് കടും പിടുത്തം പിടിച്ച് നന്മയെ മുറുകെ പിടിക്കാം. ◆

Olive ലേക്ക് ഉള്ള
വാർത്തകളും ചിന്തകളും ലേഖനങ്ങളും പ്രതികരണങ്ങളും
olivecstfathers@gmail.com എന്ന E-mail-ൽ
അയക്കേണ്ടതാണ്.

Olive ന്റെ കോപ്പി വ്യക്തിപരമായി സൂക്ഷിക്കാൻ
ആഗ്രഹിക്കുന്നവർ അറിയിച്ചാൽ കോപ്പി സംലഭ്യമാക്കുന്നതാണ്.

# തിരിഞ്ഞുനോട്ടവും സുസ്ഥിരതയും

ബ്ര. അലൻ തെക്കേൽ സി.എസ്.റ്റി.

മനുഷ്യന്റെ ആരോഗ്യ അവബോധനത്തെ വീണ്ടും ബോധിപ്പിച്ച്, ഉദ്ദീപിപ്പിച്ചുകൊണ്ട് ഞാൻ, എന്റെ ശരീരം, എനിക്കുള്ള എന്റെ ശരീരം സംരക്ഷിക്കപ്പെടേണ്ടതാണ്, നിലനിറുത്തേണ്ടതാണെന്നുള്ള മറന്നുപോയ അചരിത്രപരമായ ചിന്തകളെ ഉണർത്തിച്ചുകൊണ്ട് കോവിഡ് 19 എന്ന മഹാരോഗത്തിന്റെ ഭീഷണികൾ വളരെ മാരകമായ തോതിൽ നമ്മെ മാനസികമായി രോഗാതുരമാക്കുന്നു. ഇത്തരുണത്തിൽ കൊറോണ മനുഷ്യമനസ്സിൽ കേന്ദ്രസ്ഥാനം പിടിക്കുകയും മനുഷ്യന്റെ സമഗ്രമണ്ഡലങ്ങളേയും ബാധിക്കുകയും മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തെ ബാധിക്കുന്നതിലുപരി വ്യക്തികളുടെ ഇടയിലുള്ള ബന്ധങ്ങൾ കുറയുന്നതിന്റെ അനുഭവങ്ങൾ നിരവധി നാം കണ്ടുകൊണ്ടിരിക്കുകയുമാണ്. നാളയെ കുറിച്ചുള്ള ആകുലത, അപരതയെക്കുറിച്ചുള്ള ഭീതി, സഞ്ചാരങ്ങളിൽ (എല്ലാ മേഖലകളിലും) ഉണ്ടാക്കിയ വിള്ളൽ, സ്വതന്ത്രമായി ശ്വാസം ഉച്ഛ്വസിക്കാനുള്ള മനുഷ്യന്റെ ബദ്ധപ്പാട് അതുണ്ടാക്കുന്ന മുറിവുകൾ, അപരകേന്ദ്രീകൃതമായ ചിന്തകളുടെ സ്ഫോടനങ്ങൾ എന്നിങ്ങനെ നീളുന്നു വിവിധ മാനങ്ങളിൽ കൊറോണയുടെ പരിണാമം.

ചില മറന്നുപോകലുകളുടെ ഓർമ്മപ്പെടുത്തലാണ് ഈ സംഭവം. ഇതിന്റെ ഉത്ഭവം മനുഷ്യനിൽനിന്നാണോ അതോ പ്രകൃതിയിൽനിന്നാണോ എന്നുള്ള ചോദ്യത്തിന് യുക്തിസഹജമായ ഉത്തരങ്ങൾ നൽകാൻ സാധിക്കുന്നില്ല. എന്നിരുന്നാലും ഇത് മനുഷ്യനിൽ നിന്നാണെങ്കിൽ ഇത് ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരുപക്ഷേ മനുഷ്യമനസ്സുകളുടെ ഒരു ഉദാഹരണം മാത്രമായിരിക്കണം അത്. മൗലികമായി പറഞ്ഞാൽ സ്വാർത്ഥതയുടെ വേറെയൊരു അവതാരം. എന്നാൽ ഒരു പക്ഷേ പ്രകൃതിയിൽനിന്നാണെങ്കിലോ ഇത് മനുഷ്യന്റെ കാണക്കുകൂട്ടലുകളുടെ ഒരു മൊത്ത വരിസംഖ്യ. ഇതിന്റെ ഉത്ഭവം എത്തരുണത്തിലാണെങ്കിലും ഇതിന്റെ പരിണിതഫലം ഒത്തിരിയേറെ നമ്മെ ചിന്തിപ്പിക്കേണ്ടിരിക്കുന്നു.

എല്ലാ സംഭവങ്ങളും *(events)* ഒരു തുടക്കമാണ്. കൊറോണ എന്ന ഈ മഹാസംഭവം പഴയപലതിനെയും ഒന്നെങ്കിൽ മായിച്ചു

കളയുകയോ അല്ലെങ്കിൽതേച്ചുരയ്ക്കുകയോ ചെയ്തിട്ടുണ്ട്. അപ്പോൾ ഇവിടെ തേപ്പ് എന്ന പദത്തിന് പുതിയ ഒരു അർത്ഥം കൂടി കൈവരികയാണ്. തേക്കുക എന്നുവച്ചാൽ ചെമ്പുതെളിയ്ക്കുക എന്ന അർത്ഥം.

സംഭവങ്ങളിലൂടെ പുതിയ ബിംബങ്ങൾക്ക് കേന്ദ്രീകൃതസ്വഭാവം കൈവരിക്കുകയും ചെയ്യുന്ന രീതി നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നതാണ്. ഒരു സംഭവത്തിൽ മനുഷ്യന് പ്രധാനമായും രണ്ടുവികാരങ്ങളാണ് നിഴലിച്ചുനിൽക്കുന്നത്. ഒന്നെങ്കിൽ ഭയം അല്ലെങ്കിൽ ആശ്ചര്യം. ഇതിന്റെ പ്രാഥമികത ഓരോ സംഭവത്തെയും ആസ്പദമാക്കിയാണ്. ഈ സ്ഥിതിവിശേഷം മനുഷ്യബന്ധങ്ങളെയും, അവന്റെ സംഭാഷണങ്ങളെയും, ജീവിതരീതികളെയും എന്തിനേറെ അവന്റെ മനസ്സിന്റെ ആശയങ്ങളെതന്നെയും രൂപാന്തരപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ പുറകിൽ ചിന്തകളുടെ ആക്രികൾ കൂടുന്നു. ഒരു പുതിയ സമ്പദ്വ്യവസ്ഥതന്നെ രൂപംകൊള്ളുകയും ചെയ്യുന്നു.

വ്യക്തികൾ സംഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ അവർ വീണ്ടും ജനിക്കുന്നു. സകരാത്മകമായി പറഞ്ഞാൽ സംഭവങ്ങൾ മനുഷ്യനെ കൂടുതൽ ജ്ഞാനിയാക്കുന്നു. സംഭവങ്ങളിലൂടെ അവന്റെ അനുഭവസമ്പത്ത് അവന്റെ ചിന്തകളെ പക്വതയുള്ളതാക്കുന്നു. അപ്പോൾ സംഭവങ്ങളുടെ ജീവൻ അതായത് വളർത്തുവാനുള്ള അതിന്റെ ശക്തി സമൂഹത്തിൽ പ്രസരിക്കുകയും അത് എല്ലാറ്റിനേയും നവോന്മേഷമണിയിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ സംഭവത്തിലൂടെ സംഭവിക്കുന്നത് മാറ്റമാണ്. മാറ്റമില്ലാത്ത സംഭവങ്ങളില്ല. അതിനാൽത്തന്നെ സംഭവങ്ങളുടെ മുഖ്യകാരണം (കേന്ദ്രബിന്ദു) മാറ്റമാണ്. അപ്പോൾ പ്രകൃതിയിലുള്ള എല്ലാം മാറ്റത്തിനു വിധേയമാണ്. ഇത് സാധിതമാക്കുന്നത് സംഭവങ്ങളിലൂടെയാണ്.

ഒരുപക്ഷെ എനിക്കു തോന്നുന്നു നൂതനമായ പല ആശയങ്ങളും എന്തിന്റെയൊക്കെയോ ചില ഓർമ്മപ്പെടുത്തലാണ്. വിജ്ഞാനം പൊട്ടമുളയ്ക്കുന്നതല്ല മറിച്ച് ഓർമ്മയാണ് എന്ന് പ്ലേറ്റോയുടെ വാക്കിന്റെ ശരത്തിന് മൂർച്ചകൂട്ടുന്നു. സോക്രട്ടീസിനോട് ആരാണ് പൂർണ്ണ മനുഷ്യൻ എന്നു ചോദിക്കുമ്പോൾ പൂർണ്ണമനുഷ്യനില്ല മറിച്ച് മനുഷ്യരെല്ലാം കൂടുന്നതാണ് പൂർണ മനുഷ്യൻ എന്നാണ്

ഉത്തരം. അപ്പോൾ ചിന്തകളിൽ നേർരേഖകളില്ല മറിച്ച് വൃത്തമാണ് ഉള്ളത്. ഒരുപക്ഷെ നേർരേഖയുള്ള ഒന്ന് തിരിച്ചുവിടുകയോ വളച്ചുവിടുകയോ ചെയ്യുന്നത് സംഭവങ്ങളിലൂടെ മാത്രമാണ്.

ഈ വഴിമാറലുകൾ ആകാശപാതകൾ പോലെയോ, ജലത്തിൽ നേർരേഖ വരയ്ക്കുന്നതുപോലെയോ അല്ല മറിച്ച് നിലത്ത് ചുവടു പിടിച്ച് കുതിക്കണം. അതായത് ഇരുന്നിട്ടെ കാൽ നിവർത്താവൂ എന്ന് പഴഞ്ചൊല്ലിന്റെ അർത്ഥവിന്യാസങ്ങളിൽ ഒന്ന്. അസ്തിവാരങ്ങൾ ആവശ്യമാണ്, അതുകൊണ്ടുതന്നെ ചെറുതായി നമ്മുടെ സങ്കല്പങ്ങളിലുള്ളതിനുപോലും വളരെ പ്രാധാന്യമേറിയതാണ്.

മനുഷ്യൻ എന്നത് ഒറ്റപ്പെടുന്ന കുറേ ബിന്ദുക്കളല്ല മറിച്ച് ജൈവപരമായ കോർത്തിണക്കലുകളിൽ ബന്ധിതമായ ഒരു സാകല്യമാണ്. ഇതിനാൽതന്നെ എന്റെ ഓരോ ചലനം പോലും അതിനാനുപാതികമായിട്ടും ചിലപ്പോൾ കൂടുതലായും മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഞാൻ എന്നത് സമൂഹവുമായി എത്രയധികം ആണ് ബന്ധപ്പെട്ടുകിടക്കുകയെന്ന് പ്രാചീന മനുഷ്യന്റെ  ആശയങ്ങളെ കുഴിച്ചെടുക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു. ഘടനയിലുള്ള ഒരു ബിന്ദു പോലും എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ഒന്നിന്റെ അഭാവം മറ്റേതിന്റെ നിലനില്പിനു വിഘ്നം വരുത്തുന്നുവെന്നും മനസ്സിലാക്കണം. ഇതും ഒരു ഭ്രമണമാണ്. നിരന്തരമായി കറങ്ങിക്കൊണ്ടിരിക്കുന്നു. മാറ്റങ്ങൾ പ്രകൃതിക്കു സഹിക്കവയ്യാതായപ്പോൾ പ്രകൃതിപോലും അതിനു മുൽകരുതലുകൾ എടുക്കുന്നു. അപ്പോൾ മനുഷ്യനും മുൻകരുതലുകൾ എടുക്കുന്നതിന് നാണിക്കാനൊന്നുമില്ല. ഇനി ഒരു പേടിമാത്രം വർത്തമാനകാലത്തിന്റെ പടിക്കൽനിന്ന് ഭാവിയെ ഉറ്റുനോക്കുമ്പോൾ കൊറോണ എന്നത് ഒരു കാല്പനിക കഥയായി അവശേഷിക്കുമോ എന്നതാണ്. ഇതിന്റെ പ്രശ്നമെന്തെന്നാൽ പാഠങ്ങൾ പഠിക്കാതെ മുന്നോട്ടുപോയിട്ട് പിന്നീടുള്ള പാഠങ്ങൾ വരുമ്പോൾ കണ്ണുമിഴിച്ച് നിൽക്കേണ്ട ഗതി വരുമോ എന്നത് ഏറെ ശ്വാസം മുട്ടിക്കുന്നു. അത് സമൂഹത്തിലായാലും മതത്തിലായാലും, വ്യക്തികൾക്കുള്ളിലായാലും പിന്നീടുള്ള, അതായത് വരുന്ന സംഭവങ്ങളെ കൂടുതൽ വ്യാഖ്യാനിക്കണമെങ്കിൽ ഈ സംഭവങ്ങളെ എല്ലാ തലങ്ങളിലും നിന്നും വീക്ഷിക്കണം, അതിനെ കാലികമായി പഠിക്കണം. ◆

# കൊറോണ നൽകുന്ന തിരിച്ചറിവുകൾ

**Bro. Albin Varakukalayil CST**

ഒത്തിരിയധികം ആശങ്കകളുടെയും അരക്ഷിതാവസ്ഥയുടെയും ഒരു കാലഘട്ടമായി ഈ കൊറോണ കാലം മാറികൊണ്ടിരിക്കുകയാണ്. ദിനം പ്രതി കൂടുന്ന കൊറോണ ബാധിതരുടെ എണ്ണവും കൊറോണ മരണങ്ങളും ജനങ്ങളിൽ ഭീതിയുടെ വിത്തുകൾ വിതച്ചിരിക്കുന്നു. കൊറോണയും തുടർന്നുണ്ടായ ലോക്ക്ഡൗണും കാരണം നിരിശ്വരവാദികളും യുക്തിവാദികളും ദൈവത്തെയും നമ്മുടെ വിശ്വാസങ്ങളെയും ചോദ്യം ചെയ്യുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവവിശ്വാസത്തെക്കുറിച്ച് ചില തിരിച്ചറിവുകൾ ഉണ്ടാകേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

"വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്" (ഹെബ്രാ.11:1). വിശുദ്ധ ഗ്രന്ഥം നൽകുന്ന വിശ്വാസത്തിന്റെ ഈ നിർവചനം ഈ കൊറോണ കാലത്താണ് ഏറ്റവും അഭികാമ്യമെന്ന് ഈ കാലഘട്ടത്തിൽ വായനയിലൂടെയും കേട്ടറിവിലൂടെയും ജീവിതത്തിൽ അനുഭവിച്ചറിഞ്ഞതുമായ പല അനുഭവങ്ങളും തെളിയിച്ചുതരുന്നതായിരുന്നു. വിശ്വാസമെന്നത് അനിശ്ചിതത്തിലേക്കുള്ള അന്ധമായ ഒരു എടുത്തുചാട്ടമാണ് എന്ന തത്വചിന്തപോലെ മുന്നോട്ട് ഇനിയെന്ത് എന്ന ചോദ്യത്തോടെ ഉത്തരങ്ങളില്ലാതെ ശൂന്യതമാത്രമുള്ള ഭാവിയിലേക്ക് ശൂന്യതനിറഞ്ഞ ഈ അന്ധകാരത്തിനുശേഷം സൂര്യകിരണങ്ങൾ തഴുകുന്ന ഒരു പുതിയ പ്രഭാതം പൊട്ടിവിടരുമെന്ന പ്രത്യാശയോടെ നമ്മുടെ നാളെകളെ നോക്കികാണുവാൻ ഈ കൊറോണക്കാലവും നമ്മെ പഠിപ്പിക്കുന്നുണ്ട്.

എന്നു പുറത്തിറങ്ങുവാൻ കഴിയുമെന്നറിയാതെ ലോക്ക്ഡൗൺ കാലത്ത് വീടിനുള്ളിൽ ആയിരിക്കേണ്ടി വന്നപ്പോൾ ആ കാലയളവ് വൈറസിനെ പ്രതിരോധിക്കുവാനും നമ്മുടെ നല്ലതിനാണ് എന്ന് മനസ്സിലാക്കികൊണ്ട് ഈ സഹചര്യങ്ങൾ മാറി എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ ഒരു രോഗത്തെയും വൈറസിനെയും പേടിക്കാതെ ജീവിക്കുവാനും പുറത്തിറങ്ങുവാനും സാധിക്കുന്ന ദിവസത്തെ പ്രതീക്ഷിച്ചിരുന്നതിനെയും ഒരു തരത്തിൽ വിശ്വാസമെന്നുതന്നെ വേണം പറയുവാൻ. മാസങ്ങളോളം ദേവാലയങ്ങൾ അടഞ്ഞുകിടന്നപ്പോഴും വി. കുർബാന ഇല്ലാതിരുന്നപ്പോഴും അത്തരം

ശൂന്യതയിൽപ്പോലും ടെലിവിഷനിലൂടെയും ഓൺലൈനിലൂടെയും വീടുകളിലിരുന്നുകൊണ്ട് വി. കുർബാനയിൽ പങ്കെടുത്തുകൊണ്ടും കുടുംബപ്രാർത്ഥനകൾ കൂടുതൽ അർത്ഥവത്താക്കിയും കുടുംബങ്ങൾ ദേവാലയങ്ങളായി മാറിയപ്പോൾ ഇനിയെന്ന് ദേവാലയത്തിൽ പോയി കൂദാശകൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന അനിശ്ചിതത്തിനിടയിലും ക്രൈസ്തവ വിശ്വാസം പുനഃനിർവചിക്കപ്പെടുകയായിരുന്നു. ശൂന്യതിയിൽപ്പോലും ക്രിസ്തുവിനെ മുറുകെപ്പിടിച്ച് ഒരുവൻ ആയിരിക്കുന്നിടത്തെ ദേവാലയവും ദൈവസാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന ഇടവുമാക്കി തീർക്കുവാൻ സാധിക്കുമെന്ന തിരിച്ചറിവാണ് കൊറോണക്കാലം നമുക്ക് നൽകുന്ന പാഠം.

വിശ്വാസികളുടെ ഇടയിൽ നിന്നുകൊണ്ട് വിശ്വാസികളോടൊപ്പം ബലിയർപ്പിച്ചുകൊണ്ടിരുന്ന വൈദികർ ദേവാലയത്തിന്റെ ഏകാന്തതയിലായിരുന്നുകൊണ്ട് ദൈവജനത്തിനുവേണ്ടിയും ലോകത്തിനുവേണ്ടിയും തനിയെ അർപ്പിച്ച ദിവ്യബലികൾപ്പോലും നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ ബഹിർസ്ഫുരണമായിരുന്നു എന്ന് തീർച്ച. തന്റെ ജനത്തിനുവേണ്ടി അവരുടെ ആത്മീയസാന്നിദ്ധ്യത്തിൽ ബലിയർപ്പിക്കുന്ന ഓരോ വൈദീകന്റെയും തന്റെ ഇടവകാംഗങ്ങളുടെ പേരുകൾ എഴുതി അവർ ഇരിക്കുന്ന ബഞ്ചുകളിലും കസേരകളിലും ഒട്ടിച്ചുവെച്ചുകൊണ്ട് ബലിയർപ്പിച്ച വൈദീകരുടെ ചിത്രവുമെല്ലാം വിശ്വാസികൾ തങ്ങളുടെയും സഭയുടെയും ഹൃദയത്തിലാണുള്ളത് എന്ന് ഉദ്ഘോഷിക്കുവാൻ പര്യാപ്തമായിരുന്നു. ഈ ലോക്ക്ഡൗണിനും കൊറോണക്കാലത്തിനുംശേഷം തന്റെ അജഗണവുമൊത്ത് ബലിയർപ്പിക്കുന്നത് സ്വപ്നം കാണുന്ന ഒരോ വൈദീകനും വിശ്വാസം പ്രത്യാശയാണ് എന്ന അർത്ഥതലത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പ്രായമായ തന്നെക്കാളേറെ ചെറുപ്പക്കാരനായ ആ വ്യക്തിക്കാണ് വേണ്ടത് എന്നുപറഞ്ഞുകൊണ്ട് തന്റെ വെന്റിലേറ്റർ സൗകര്യം മറ്റൊരു ചെറുപ്പക്കാരന് നൽകിയ ഇറ്റാലിയൻ വൈദികന്റെ ജീവിതകഥയും അവശ്യസാധനങ്ങളും മറ്റും പ്രതിഫലം ഇച്ഛിക്കാതെ നിസ്വാർത്ഥമായി പട്ടിണിപാവങ്ങൾക്കായി നൽകിയ വൈദീകരും സന്ന്യസ്ഥരും മറ്റു വ്യക്തികളുമെല്ലാം വിശ്വാസമെന്നത് എന്താണ് എന്ന തിരിച്ചറിവുകൾ നൽകിയവരായിരുന്നു. തങ്ങളുടെ ജീവിതവും തങ്ങൾക്കുള്ളതുമെല്ലാം മറ്റുള്ളവർക്കായി വ്യയം ചെയ്യുമ്പോൾ ക്രൈസ്തവ വിശ്വാസം എന്നത് പള്ളികളിൽ ഒതുങ്ങി നിൽക്കുന്ന

തല്ല മറിച്ച് അത് ജീവിതഗന്ധിയാണ് എന്നും വിശ്വാസമെന്നത് ദൈവവുമായുള്ള ബന്ധത്തിൽനിന്നും ഉരുത്തിരിഞ്ഞ് അനിശ്ചിതത്തിനിടയിലും ശൂന്യതയിലും നല്ല നാളേക്കായി കാത്തിരിക്കുന്നതാണ് എന്നതുമാണ് കൊറോണ നമ്മെ ഓർമിപ്പിക്കുന്നത്. ഈ കൊറോണക്കാലം യുക്തിവാദികളും നിരീശ്വരവാദികളും സോഷ്യൽ മീഡിയായിലൂടെയും മറ്റും പ്രചരിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ ശക്തിയുടേയും വിശ്വാസത്തിന്റെയും ക്ഷയമല്ല, എന്താണ് യഥാർത്ഥത്തിൽ നമ്മുടെ വിശ്വാസം എന്ന തിരിച്ചറിവ് ഉണ്ടാകുന്നതിനായുള്ള അവസരമാണ് നമുക്ക് നൽകുന്നത്.

◆

---

*(പേജ് 103 തുടർച്ച)*

ഈ വഴികളിലൂടെ പ്രതിസന്ധികളെ തോൽപിച്ച് പൗരോഹിത്യത്തെ പടുത്തുയർത്താൻ സാധിക്കും. നിങ്ങൾ ക്രിസ്തുവിന്റെ പരിമളങ്ങളാണ് എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇന്നും അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ മനസ്സോടെ കാലഘട്ടത്തെ നോക്കാൻ പറ്റുന്നവനുമാത്രമേ പ്രതിസന്ധികളുടെ നാളുകളിൽ തിബേരിയാസ് കടൽത്തീരത്ത് ശിഷ്യർക്ക് കൂട്ടിരുന്ന ക്രിസ്തുവിന്റെ യാഥാർത്ഥ ശിഷ്യരാകുവാൻ സാധിക്കൂ. പകർച്ചവ്യാധിയിലൂടെ നിന്നിൽ അർപ്പിക്കപ്പെടുന്ന ദൈവനിയോഗം നീ തിരിച്ചറിയണം, ക്രിയാത്മകമായി അതിനോട് പ്രത്യുത്തരിക്കണം, അല്ലെങ്കിൽ ഇതും പാഴായിപ്പോകും.

പുരോഹിതാ നീ ഇന്നു ചിന്തിക്കേണ്ടത് ഒന്നുമാത്രം: ആരാണ് നീ? എന്താണ് നിന്റെ നിയോഗം? നീ എവിടെയാണ് നിന്നെ *പ്ലേസ്* ചെയ്യേണ്ടത്? അതിജീവനത്തിന്റെ കോവിഡാനന്തര കാലഘട്ടത്തിൽ ക്രിസ്തുവിന്റെ മുഖമാകുവാൻ ക്രിസ്തുസാന്നിദ്ധ്യമാകാൻ നവ്യമായ ജീവൻ പകർന്നുനൽകാൻ പുരോഹിതാ നിന്റെ മനസ്സിന് വെളിച്ചവും ഹൃദയത്തിന് തെളിച്ചവും ലഭിക്കട്ടെ.

◆